# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അയർക്കുന്നം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.റ്റി.എം..പി.12/1283/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 28/10/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അയർക്കുന്നം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.റ്റി.എം..പി.12/1283/21 തീയ്യതി: 28/10/2021

## കോട്ടയം ജില്ലയിലെ അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-09-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ രാധാകൃഷ്ണൻ എം. എൻ. | ഡെപ്യൂട്ടി ഡയറക്ടർ (ഹഗ്രേ) | 16-09-2021 | 30-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-09-2021 | 30-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഇന്ദുലേഖ എ., ഓഡിറ്റ് ഓഫീസർ
ശ്രീമതി സുനിത എം. എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ രഞ്ജിത്ത് എം., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ശിവരാജ് പി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ജോഷി തോമസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മോളി തോമസ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി സീനാ ബിജു നാരായണൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ കെ. ജി. ഹരികൃഷ്ണൻ | സെക്രട്ടറി | 01-04-2020 | 07-09-2020 |
| ഷീലാബീവി പി. എച്ച്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-09-2020 | 15-09-2020 |
| ശ്രീ ഹരീഷ്കുമാർ എൻ. | സെക്രട്ടറി | 16-09-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അനീന സൂസൻ സഖറിയ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. ബിനോയി പി. മാത്യു | വെറ്റിനറി സർജൻ | 01-04-2020 | 16-05-2020 |
| ഡോ. സജീവ് കുമാർ കെ. ആർ. | വെറ്റിനറി സർജൻ | 17-05-2020 | 31-03-2021 |
| ഡോ. രേഖ ആർ. | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി.) | 01-04-2020 | 17-02-2021 |
| ഡോ. വിമി ഇക്ബാൽ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി.) | 18-02-2021 | 31-03-2021 |
| ഡോ. അനു ജോസഫ് കെ. | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ. ദീപ | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2020 | 31-03-2021 |
| പ്രീതി സി. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| സജീവ് കെ. എസ്. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| മനോജ് കുമാർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 16-10-2020 | 02-02-2021 |
| രഞ്ജിത്ത് പി. എം. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 15-10-2020 |
| റഷീദ വി. പി. | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 27-10-2020 |
| പ്രിയാകുമാരി | ഐ സി ഡി എസ് സൂപ്പർവൈസർ | 28-10-2020 | 31-03-2021 |
| കെ. ജി. ഹരികൃഷ്ണൻ | സെക്രട്ടറി | 01-04-2020 | 07-09-2020 |
| ഷീജാബീവി പി. എച്ച്. | സെക്രട്ടറി-ഇൻ ചാർജ് | 08-09-2020 | 15-09-2020 |
| ഹരീഷ്കുമാർ എൻ. | സെക്രട്ടറി | 16-09-2020 | 31-03-2021 |
| റിതിൻ ജോസഫ് ജോൺ | അസിസ്റ്റന്റ് എഞ്ചിനീയർ(LSGD) | 01-04-2020 | 31-03-2021 |
| എസ്. എസ്. ശോഭന | ഹെഡ്മിസ്ട്രസ്, ഗവ. യു. പി. എസ്.-ആറുമാനൂർ | 01-04-2020 | 31-03-2021 |
| ജയലക്ഷ്മി | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ഷീജാബീവി പി. എച്ച്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 12-02-2021 |
| രതീഷ്കുമാർ എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 13-02-2021 | 31-03-2021 |

12/11/2020 മുതൽ 29/12/2020 വരെ പഞ്ചായത്ത് അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിലായിരുന്നു.

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്-വിശകലനം<br>Written By: Sivaraj P (Senior Grade Auditor, On 27-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 23-10-2021) | 1-1 |
| 2 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Sivaraj P (Senior Grade Auditor, On 30-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 23-10-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sivaraj P (Senior Grade Auditor, On 27-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 23-10-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sivaraj P (Senior Grade Auditor, On 30-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 23-10-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: A Indulekha (Audit Officer, On 26-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 28-10-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: A Indulekha (Audit Officer, On 26-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 23-10-2021) | 1-6 |
| 7 | സാമൂഹ്യക്ഷേമ പദ്ധതികൾ<br>Written By: Ranjith M (Senior Grade Auditor, On 28-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 23-10-2021) | 1-7 |
| 8 | ക്യാഷ്ബാലൻസ് പരിശോധന<br>Written By: Joshy Thomas (Auditor, On 27-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 23-10-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: A Indulekha (Audit Officer, On 26-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 23-10-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sivaraj P (Senior Grade Auditor, On 27-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 23-10-2021) | 1-10 |
| 11 | രസീത് ചെയ്ത തുക അക്കൗണ്ടിൽ വരവ് വന്നില്ല<br>Written By: Joshy Thomas (Auditor, On 30-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 23-10-2021) | 1-11 |
| 12 | 21 ലക്ഷത്തിലധികം രൂപ വസ്തുനികുതി കുടിശിക<br>Written By: Sivaraj P (Senior Grade Auditor, On 01-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 23-10-2021) | 1-12 |
| 13 | സ്വകാര്യ സ്ഥാപനങ്ങൾ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല<br>Written By: Sivaraj P (Senior Grade Auditor, On 01-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 23-10-2021) | 1-13 |
| 14 | വാടക/ലേലം അപാകതകൾ<br>Written By: Joshy Thomas (Auditor, On 30-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 28-10-2021) | 1-14 |
| 15 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Joshy Thomas (Auditor, On 30-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 23-10-2021) | 1-15 |
| 16 | ലൈസൻസ് പുതുക്കാതെ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Joshy Thomas (Auditor, On 30-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 23-10-2021) | 1-16 |
| 17 | കൊയ്ത്തുമെതി യന്ത്രത്തിന്റെ വാടകയിനത്തിൽ തുക | 1-17 |

| | | |
|---|---|---|
| | കുറവായി ഈടാക്കി<br>Written By: Joshy Thomas (Auditor, On 30-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 23-10-2021) | |
| 18 | ട്രാക്ടർ വാടകയ്ക്കു നൽകിയതു് പ്രവർത്തനക്ഷമമാക്കിയിട്ടില്ല<br>Written By: A Indulekha (Audit Officer, On 02-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 23-10-2021) | 1-18 |
| 19 | ഭൂവികസന പെർമിറ്റുകളിലെ തുടർനിരീക്ഷണങ്ങൾ നടത്തുന്നില്ല-അനധികൃത മണ്ണെടുപ്പിന് സാഹചര്യമുണ്ടാകുന്നു<br>Written By: Joshy Thomas (Auditor, On 30-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 28-10-2021) | 1-19 |
| 20 | മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നു<br>Written By: Ranjith M (Senior Grade Auditor, On 30-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 23-10-2021) | 1-20 |
| 21 | കോടതി വ്യവഹാരങ്ങളുടെ തുടർ നടത്തിപ്പ് നിരീക്ഷിക്കാൻ സംവിധാനമില്ല സ്യൂട്ട് രജിസ്റ്റർ- കാലികമായും കൃത്യമായും എഴുതി സൂക്ഷിച്ചിട്ടില്ല<br>Written By: A Indulekha (Audit Officer, On 02-10-2021)<br>Last Updated By: M.N.Radhakrishnan (Deputy Director, On 28-10-2021) | 1-21 |
| 22 | സമഗ്ര ശിക്ഷ കേരള എസ്.എസ്.എ.ക്ക് വിഹിതം നൽകൽ - പദ്ധതി ആസൂത്രണത്തിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതു സംബന്ധിച്ച്<br>Written By: A Indulekha (Audit Officer, On 02-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 23-10-2021) | 1-22 |
| 23 | പുഴ,പുറമ്പോക്ക് സംബന്ധിച്ച രേഖകൾ തയ്യാറാക്കിയിട്ടില്ല<br>Written By: A Indulekha (Audit Officer, On 02-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 28-10-2021) | 1-23 |
| 24 | തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം നടപ്പിലാക്കിയിട്ടില്ല - വൈദ്യുതി ചാർജിനത്തിൽ അധിക ചെലവുണ്ടാകുന്നു<br>Written By: A Indulekha (Audit Officer, On 02-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 23-10-2021) | 1-24 |
| 25 | പെൺ സുരക്ഷാ പദ്ധതി - മാതൃകാപരം<br>Written By: A Indulekha (Audit Officer, On 02-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 23-10-2021) | 1-25 |
| 26 | ആവശ്യകത നിർണ്ണയിക്കാതെ തെരുവുവിളക്കുകൾ/ അനുബന്ധ ഉപകരണങ്ങൽ വാങ്ങൽ - വിശദീകരണം ലഭ്യമാക്കിയിട്ടില്ല<br>Written By: A Indulekha (Audit Officer, On 02-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 23-10-2021) | 1-26 |
| 27 | വാട്ടർ ടാപ്പുകൾ സംബന്ധിച്ച കൃത്യമായകണക്കുൾ ലഭ്യമല്ല<br>Written By: Ranjith M (Senior Grade Auditor, On 01-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 23-10-2021) | 1-27 |
| 28 | ജെൻഡർ റിസോഴ്സ് സെന്ററർ -ഷീ ടോയ് ലെറ്റ് നിർമ്മാണം പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല<br>Written By: A Indulekha (Audit Officer, On 02-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 23-10-2021) | 1-28 |
| 29 | ആസ്തിയിൽപ്പെടാത്ത പകൽവീടിനായി ഫർണിച്ചർ | 1-29 |

| | | |
|---|---|---|
| | വാങ്ങി -പകൽവീട് നാളിതുവരെ പ്രവർത്തന ക്ഷമമാക്കിയിട്ടില്ല<br>Written By: A Indulekha (Audit Officer, On 02-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 23-10-2021) | |
| 30 | ടാപ്പുഴ കുടിവെള്ള പദ്ധതി-പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ-നിക്ഷേപ പ്രവൃത്തി വ്യത്യസ്ത തലങ്ങളിൽ ഏകോപനമില്ലാതെ ഏറ്റെടുക്കുന്നു<br>Written By: A Indulekha (Audit Officer, On 02-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 28-10-2021) | 1-30 |
| 31 | സമ്പൂർണ ഭവന പദ്ധതി വായ്പ-പഞ്ചായത്തിൽ രേഖകളില്ലാതെ 46.85 ലക്ഷം രൂപയുടെ ബാധ്യത നിലനിൽക്കുന്നു<br>Written By: Sivaraj P (Senior Grade Auditor, On 26-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 23-10-2021) | 1-31 |
| 32 | എയറോബിക്ക് കമ്പോസ്റ്റ് പിറ്റ് നിർമ്മാണവും അനുബന്ധ സൗകര്യം ഒരുക്കലും(തുമ്പൂർമുഴി മോഡൽ)- പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല<br>Written By: A Indulekha (Audit Officer, On 02-10-2021)<br>Last Updated By: M.N.Radhakrishnan (Deputy Director, On 28-10-2021) | 1-32 |
| 33 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ/കോൺട്രിബ്യൂഷനുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു-എ.സി.ആർ. കൃത്യമായി സൂക്ഷിച്ചിട്ടില്ല<br>Written By: Sivaraj P (Senior Grade Auditor, On 26-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 23-10-2021) | 1-33 |
| 34 | ഹോമിയോ ആശുപത്രിക്ക് 2,417/- രൂപയുടെ മരുന്നുകൾ ലഭ്യമായില്ല<br>Written By: Sivaraj P (Senior Grade Auditor, On 20-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 23-10-2021) | 1-34 |
| 35 | എസ്.സി. വയോജനങ്ങൾക്ക് കട്ടിൽ -കട്ടിൽ നാളിതുവരെ ലഭിച്ചില്ല<br>Written By: Sunitha M S (Senior Grade Auditor, On 01-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 23-10-2021) | 1-35 |
| 36 | ഹരിത സമൃദ്ധി വനിത സംഘങ്ങളിലൂടെ -റിവോൾവിംഗ് ഫണ്ടിന്റെ വിവരങ്ങൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്<br>Written By: Sunitha M S (Senior Grade Auditor, On 01-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 23-10-2021) | 1-36 |
| 37 | മരാമത്ത് പ്രവൃത്തികൾ - നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതത്തിന്റെ 1% കളക്ഷൻ ചാർജായി ഈടാക്കേണ്ടതാണ്<br>Written By: Sunitha M S (Senior Grade Auditor, On 01-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 28-10-2021) | 1-37 |
| 38 | അയർക്കുന്നം മാർക്കറ്റിൽ കംഫർട്ട് സ്റ്റേഷൻ നിർമ്മാണം -നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചില്ല<br>Written By: Sunitha M S (Senior Grade Auditor, On 01-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 23-10-2021) | 1-38 |
| 39 | ക്ലീൻ കോട്ടയം ഗ്രീൻ കോട്ടയം പദ്ധതി- ലഭ്യമായ യൂണിറ്റുകൾ വിതരണം നടത്താനായിട്ടില്ല<br>Written By: Joshy Thomas (Auditor, On 30-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 23-10-2021) | 1-39 |
| 40 | മരുന്ന്/ഉപകരണങ്ങൾ ലഭ്യമായില്ല<br>Written By: Ranjith M (Senior Grade Auditor, On 30-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 23-10-2021) | 1-40 |

| | | |
|---|---|---|
| 41 | ഹരിത കർമ്മസേനയുടെ രൂപീകരണവും അജൈവ മാലിന്യ ശേഖരണവും- തുടർ പ്രവർത്തനം നടക്കുന്നില്ല<br>Written By: A Indulekha (Audit Officer, On 02-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 23-10-2021) | 1-41 |
| 42 | അയർക്കുന്നം മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് ഒന്നാം നില വൈദ്യുതികരണം -പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല.<br>Written By: A Indulekha (Audit Officer, On 03-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 23-10-2021) | 1-42 |
| 43 | തെരുവുനായ വന്ധ്യംകരണം -പഞ്ചായത്തിൽ നടത്തിയ പ്രവർത്തനങ്ങൾ വ്യക്തമല്ല<br>Written By: A Indulekha (Audit Officer, On 03-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 23-10-2021) | 1-43 |
| 44 | ലൈഫ് ഭവന പദ്ധതി- വീടുകൾ നിർമാണം പൂർത്തീകരിച്ചില്ല<br>Written By: Joshy Thomas (Auditor, On 30-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 23-10-2021) | 1-44 |
| 45 | അഗതിരഹിത കേരളം - ഫണ്ടിന്റെ അപര്യാപ്തത മൂലം പദ്ധതി നിശ്ചലാവസ്ഥയിൽ<br>Written By: Sunitha M S (Senior Grade Auditor, On 01-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 23-10-2021) | 1-45 |

**ഭാഗം 2**

--- No Records Found ---

**ഭാഗം 3**

--- No Records Found ---

**ഭാഗം 4**

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: Sivaraj P (Senior Grade Auditor, On 27-09-2021)<br>Last Updated By: M.N.Radhakrishnan (Deputy Director, On 28-10-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Sivaraj P (Senior Grade Auditor, On 28-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 23-10-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sivaraj P (Senior Grade Auditor, On 28-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 23-10-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Sivaraj P (Senior Grade Auditor, On 27-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 23-10-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sivaraj P (Senior Grade Auditor, On 27-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 23-10-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Sivaraj P (Senior Grade Auditor, On 22-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 23-10-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sivaraj P (Senior Grade Auditor, On 27-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 23-10-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Sivaraj P (Senior Grade Auditor, On 27-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 23-10-2021) | 4-8 |

| | | |
|---|---|---|
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sivaraj P (Senior Grade Auditor, On 27-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 23-10-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sivaraj P (Senior Grade Auditor, On 27-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 28-10-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sivaraj P (Senior Grade Auditor, On 17-09-2021)<br>Last Updated By: M.N.Radhakrishnan (Deputy Director, On 28-10-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്-വിശകലനം

2020-21 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 27.03.2020 തീയതിയിലെ 1/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക(R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 10,197,918/- | 32,449,704/- |
| വരവ് | 201,360,000/- | 101,993,623/- |
| ആകെ | 211,557,918/- | 134,443,327/- |
| ചെലവ് | 207,094,950/- | 105,150,970/- |
| നീക്കിയിരിപ്പ് | 4,462,968/- | 29,292,357/- |

ബജറ്റ് പ്രകാരം 20.14 കോടി രൂപയുടെ പ്രതീക്ഷിത വരവും 20.71 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2020-21 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക(I&E) പ്രകാരം വരുമാനം 18.66 കോടി രൂപയും ചെലവ് 18.83 കോടി രൂപയുമാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

## 1-2 വാർഷിക കണക്കുകളിലെ അപാകതകൾ

അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 186,565,725/- രൂപയും ചെലവ് 188,336,455/- രൂപയും തൻവർഷ പ്രവർത്തന നഷ്ടം 1,770,730/- രൂപയുമാണ്. 31/03/2021-ലെ പഞ്ചായത്തിന്റെ ആസ്തിമൂല്യം 98,655,296/- രൂപയും ബാധ്യതകളുടെ മൂല്യം 73,826,376/- രൂപയും ജനറൽ ഫണ്ട് 24,828,920/- രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ് അപാകതകൾ ഉള്ളതായി കാണുന്നു.

1. 31/03/2021 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.
2. പഞ്ചായത്തിന് ലഭിച്ചതും ഫണ്ടിൽ അവശേഷിക്കുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ(ബി-4) കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖയായ എ.സി.ആർ. ആധികാരികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. 320700204, 320700205, 320700405, 320800101 ശീർഷകങ്ങളിൽ 31/03/2021 ലെ നീക്കിയിരിപ്പ് ഏതെല്ലാം പ്രോജക്ടുകൾക്ക് ലഭിച്ച ഗ്രാന്റാണ് എന്നതിന്റെ വിവരം എ.സി.ആർ.-ൽ ലഭ്യമല്ല.
3. സംയുക്ത പ്രോജക്ടിനായി ലഭിച്ച തുകയിൽ 31/03/2021-ൽ അവശേഷിക്കുന്ന തുക (B-4 ഷെഡ്യൂൾ) ട്രഷറി ജോയിന്റ് വെൻച്വർ അക്കൗണ്ടിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.
4. സമ്പൂർണ്ണ ഭവന പദ്ധതി വായ്പ തിരിച്ചടയ്ക്കാനുള്ള ധനകാര്യ പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകൾ 46.85 ലക്ഷം രൂപ വായ്പ അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു.
5. സംയുക്ത പ്രോജക്ടിനായി ജില്ലാ-ബ്ലോക്ക് വിഹിതത്തിന്റെ വിനിയോഗം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് സാംഖ്യ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. എ.സി.ആർ. സൂക്ഷിക്കാത്തതിനാൽ

സംയുക്ത പ്രോജക്ട് ഫണ്ട് വിനിയോഗത്തിന്റെ വിശദാംശം പരിശോധിക്കാൻ സാധിച്ചിട്ടില്ല.

6. പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്ന വിവിധ ഡെപോസിറ്റ് തുകകളുടെ മുന്നിരിപ്പ് വിശദാംശം രജിസ്റ്ററിൽ ലഭ്യമല്ല. കൃത്യമായ മുന്നിരിപ്പ് വിശദാംശങ്ങളുടെ അഭാവത്തിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് സാധിച്ചിട്ടില്ല.

7. 31/03/2021-ലെ ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂൾ പ്രകാരം 350800119 ശീർഷകത്തിലെ 84,157/- രൂപ, 350800299 പ്രകാരം 4.5 ലക്ഷം രൂപ ഏതിനം ഫണ്ടാണെന്ന് വ്യക്തമല്ല.

8. തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നീ ഇനങ്ങളിൽ മുൻകൂറായി ലഭിച്ച 90,930/-, 46,700/- രൂപ 2020-21 വർഷം ക്രമീകരിച്ചിട്ടില്ല. ടി തുക ഉൾപ്പടെ 31/03/2021 ബാലൻസ് ഷീറ്റിൽ കുടിശികയായി അവശേഷിക്കുന്നു.

9. സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. SGST,CGST അക്കൗണ്ട് ചെയ്യുന്ന ശീർഷകങ്ങൾ നെഗറ്റീവ് തുക നീക്കിയിരിപ്പ് അക്കൗണ്ടിങ്ങ് അപാകത വ്യക്തമാക്കുന്നു.

10. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്ത് ഭൂമിയുടെ മൂല്യം (Land) അക്കൗണ്ട് ചെയ്തിട്ടില്ല.

11. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ബോലേറോ വാഹനം വാഹനങ്ങൾ എന്ന ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല. 410710102-Movable Assets-Vehicles എന്ന ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു.

12. 412010101-Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല.

13. 430100102-Purchase Of Material-Stores ശീർഷകത്തിലെ 9,600/- രൂപ സ്റ്റോക്ക് നീക്കിയിരിപ്പിന്റെ കൃത്യത അനുബന്ധരേഖകളുടെയും രജിസ്റ്ററുകളുടെയും അഭാവത്തിൽ വ്യക്തമല്ല.

14. ലഭിക്കാനുള്ള ലൈബ്രറി സെസ്സ് തുക ക്രമീകരിക്കുന്ന 431910101 ശീർഷകത്തിൽ നെഗറ്റീവ് നീക്കിയിപ്പിന് പകരം പോസിറ്റീവ് നീക്കിയിരിപ്പ് അക്കൗണ്ടിങ്ങ് അപാകതയായി നിലനിൽക്കുന്നു.

15. 2020-21 വർഷം റോഡ് കോൺക്രീറ്റ്, ടാറിങ്ങ് പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിലും ആയത് മുഴുവനും ആസ്തിയായി 410300101-Roads-Cement Concrete, 410300102-Roads-Tarred ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്തിട്ടില്ല. റോഡ് ആസ്തി സൃഷ്ടിക്കുന്ന പ്രോജക്ട് ചെലവുകൾ 252200101-Roads-General എന്ന ശീർഷകത്തിൽ റവന്യൂ ചെലവായിട്ടാണ് അക്കൗണ്ട് ചെയ്തിരിക്കുന്നതായി കാണുന്നു. പ്രസ്തുത അക്കൗണ്ടിങ്ങ് അപാകത മൂലം തൻവർഷ റോഡ് ആസ്തികൾ 31/03/2021 ബാലൻസ് ഷീറ്റിൽ പ്രതിഫലിച്ചിട്ടില്ല.

16. വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

17. പഞ്ചായത്ത് 2020-21 വർഷം നിക്ഷേപ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി.യിലും, വാട്ടർ അതോറിറ്റിയിലും നിക്ഷേപിച്ച തുകകൾ നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

18. 1-18 പ്രകാരം മുൻവർഷ ഇനമായി ക്രമീകരിച്ച തുകകളുടെ അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തിയതിന് അടിസ്ഥാനമായ വിശദീകരണമോ രേഖകളോ ലഭ്യമല്ല.

19. വിവിധ അഡ്വാൻസ്/ഡെപോസിറ്റ് തുകകളുടെ വിനിമയം ഡെപോസിറ്റ് രജിസ്റ്ററിൽ കൃത്യമായി നിരീക്ഷിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. B-18 ഷെഡ്യൂൾ പ്രകാരമുള്ള അഡ്വാൻസ്/ ഡെപോസിറ്റ് തുകകളുടെ വിശദാംശം ലഭ്യമല്ല.

20. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകൾ ധനകാര്യ പത്രികയിലെ വരവ്-ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് ഓരോ കണക്കുകളും വിശദീകരിക്കുന്ന അടിസ്ഥാന രേഖകൾ തയ്യാറാക്കി സെക്രട്ടറി

സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

2020-21 വർഷത്തെ റസീറ്റ് & പേമെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 32,449,704/- |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 101,993,623/- |
| ആകെ | 134,443,327/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 105,150,970/- |
| നീക്കിയിരിപ്പ് | 29,292,357/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2817411/- |

## 1-4 ഫണ്ട് വിനിയോഗം

അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം ധനകാര്യ പത്രിക പ്രകാരമുള്ളതും ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 19,876,000/- | 19,876,000/- | 18,160,390/- | 1,715,610/- | 91.37 |
| വികസന ഫണ്ട്-എസ്.സി.പി. | 0 | 8,072,000/- | 8,072,000/- | 5,336,707/- | 2,735,293/- | 66.11 |
| വികസന ഫണ്ട്-ടി.എസ്.പി. | 0 | 254,000/- | 254,000/- | 246,249/- | 7,751/- | 96.95 |
| ധനകാര്യ കമ്മീഷൻഗ്രാന്റ്(Tied) | 0 | 7,300,000/- | 7,300,000/- | 742,020/- | 6,557,980/- | 10.16 |
| ധനകാര്യ കമ്മീഷൻഗ്രാന്റ്(Untied) | 0 | 14,041,388/- | 14,041,388/- | 9,204,434/- | 4,836,954/- | 65.55 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 0 | 22,905,000/- | 22,905,000/- | 18,720,835/- | 4,184,165/- | 81.73 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 5,350,331/- | 5,350,331/- | 3,302,857/- | 2,047,474/- | 61.73 |
| സമ്പൂർണ്ണ ശുചിത്വപരിപാടി | 240,000/- | 2,999,444/- | 3,239,444/- | 0 | 3,239,444/- | - |
| ICDS ഫണ്ട് | 1,139,296/- | 991,851/- | 2,131,147/- | 1,537,759/- | 593,388/- | - |
| പ്രത്യേക ഗ്രാന്റ്(ക്ഷേത്രം) | 151,318/- | 0 | 151,318/- | 0 | 151,318/- | - |
| ശുചിത്വ മിഷൻ ഗ്രാന്റ് | 506,250/- | 0 | 506,250/- | 0 | 506,250/- | - |
| സമ്പൂർണ | 447,000/- | 0 | 447,000/- | 0 | 447,000/- | - |

| | | | | | | |
|---|---|---|---|---|---|---|
| സാനിട്ടേഷൻഫണ്ട് | | | | | | |
| പ്രത്യേക ഫണ്ട് | 0 | 3,257,941/- | 3,257,941/- | 1,857,041/- | 1,400,900/- | - |
| NREGA | 319164.40 | 23421362 | 23740526.40 | 23559301 | 181225.40 | |

വികസന ഫണ്ട് പൊതുവിഭാഗം, എസ്.സി.പി. ഫണ്ടുകളിൽ സംസ്ഥാന ബജറ്റ് വിഹതത്തിനു പുറമേ 19/02/2021-ലെ സ.ഉ.(സാധാ) നം.1604/2021/ധന ഉത്തരവ് പ്രകാരം യഥാക്രമം 32.12 ലക്ഷം, 13.25 ലക്ഷം രൂപ വീതം ആകെ 45.37 ലക്ഷം രൂപ പ്രളയ ഫണ്ടായി അലോട്ട്മെന്റ് ലഭിച്ചിരുന്നു. പ്രളയ ഫണ്ട് ഉൾപ്പടെയുള്ള ഫണ്ടാണ് മേൽ പട്ടികയിൽ അലോട്ട്മെന്റായി ചേർത്തിരിക്കുന്നത്. വികസന ഫണ്ടിന്റെ ധനകാര്യ പത്രിക പ്രകാരമുള്ള ചെലവും ഗ്രാന്റ് പത്രിക പ്രകാരമുള്ള ചെലവും തമ്മിലുള്ള വ്യത്യാസം ജി.ഓ. പ്രോജക്ടുകൾക്കായി അലോട്ട്മെന്റിൽ ക്രമീകരിച്ച തുകയാണ്. വിശദാംശം ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ഗ്രാന്റ്- ഇനം | ACR പ്രകാരം അലോട്ട്മെന്റ് | ജി.ഓ. പ്രോജക്ട് നം. | ബജറ്റ് അലോട്ട്മെന്റ് | പ്രളയ ഫണ്ട് | ആകെ അലോട്ട്മെന്റ് |
|---|---|---|---|---|---|
| വികസന ഫണ്ട്- General | 14,471,580/- | 360/21-481,800/-, 416/21-481,800/- 417/21-373,510/-, 441/21-481,800/-, 442/21-373,510/-, ആകെ-2,192,420/- | 16,664,000/- | 3,212,000/- | 19,876,000/- |
| വികസന ഫണ്ട്- SCP | 6,527,196/- | 418/21-109,902/-, 443/21-109,902/- ആകെ-219,804/- | 6,747,000/- | 1,325,000/- | 8,072,000/- |

മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ 5,405,000/- രൂപ അലോട്ട്മെന്റുണ്ടായിരുന്നതിൽ 54,699/- രൂപ കിഴിച്ച് 5,350,331/- രൂപയാണ് അലോട്ട്മെന്റ് ലഭിച്ചത്. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം നിരീക്ഷിക്കുന്നതിന് എ.സി.ആർ. സൂക്ഷിച്ചിട്ടില്ല എന്നതിനാൽ പ്രസ്തുത ഫണ്ടുകളുടെ വിനിയോഗത്തിന്റെ കൃത്യത വ്യക്തമല്ല. വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ കണക്കിൽ മേൽവിവരിച്ച വ്യത്യാസങ്ങളും പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളിലെ വിനിയോഗത്തിലെ അപാകതകളും നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകലനം

ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷികപദ്ധതി രൂപീകരണത്തിനായുള്ള വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം 12.12.2019ൽ നടക്കുകയുണ്ടായി. പദ്ധതിരൂപീകരണഗ്രാമസഭ 14.12.2019 മുതൽ 15.12.2019വരെയുള്ള കാലയളവിൽ ചേർന്ന് പദ്ധതിനിർദേശങ്ങൾ ചർച്ച ചെയ്തു. 17.02.2020 ലെ വികസനസെമിനാറിൽ പദ്ധതി നിർദേശങ്ങൾ അന്തിമമാക്കുകയും പഞ്ചായത്ത് കമ്മിറ്റിയുടെ 23.03.2020ലെ യോഗം വാർഷികപദ്ധതിക്ക് അന്തിമാംഗീകാരം നല്കുകയും ചെയ്തു.വാർഷികപദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ 31.03.2020ലെ 80898/20/DPC/DPO/KTM ഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ചു.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 367 | 202590746 | 251 | 79580435 | 68 | 101 | 72 |

ഗ്രാമപഞ്ചായത്തിന്റെ സാമൂഹിക-സാമ്പത്തിക സാഹചര്യങ്ങൾക്ക് അനുസൃതമായി പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിന് ഭരണസമിതി ശ്രദ്ധ ചെലുത്തിയി ട്ടുണ്ട്. ഉദ്പാദനമേഖലയിൽ ഏറ്റവും കൂടുതൽ പ്രോജക്ട് നിർവ്വഹണം നടത്തിയത് സുഭിക്ഷകേരളം പദ്ധതിയിലൂടെയാണ്. ലൈഫ് ഭവനനിർമ്മാണപദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന് ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. അങ്കണവാടികളുടെയും എൽ.പി. സ്കൂളുകളുടെയും മെയിന്റനൻസ് നടത്തുന്നതിന് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിരുന്നു. ആശുപതികളിലേയ്ക്ക് മരുന്നുകൾ/ അവശ്യസാധനങ്ങൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണം മൂന്നാംഘട്ടം പൂർത്തിയാക്കി ഫൈനൽബിൽ നൽകിയിട്ടുണ്ട്. ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ഹരിതകർമ്മസേന മുഖാന്തിരം വീടുകളിൽനിന്ന് പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുകയും അംഗങ്ങൾക്ക് പ്രതിഫലം നല്കുന്നതിന് വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്. വീടുകളിൽ നിന്നും, വ്യാപാരസ്ഥാപനങ്ങളിൽ നിന്നും യൂസർഫീ ഈടാക്കിവരുന്നു.

വിവിധ നിർവഹണോദ്യോഗസ്ഥർ മുഖാന്തിരം നടപ്പാക്കിയ പ്രോജക്ടുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 24 | 21 | 6196496 | 3720606 | 60 |
| വെറ്ററിനറി സർജൻ | 6 | 6 | 4677400 | 2358800 | 51 |
| എം.ഒ (പിഎച്ച്സി) | 3 | 2 | 580000 | 549681 | 95 |
| എം.ഒ (ആയുർവേദം) | 2 | 2 | 350000 | 339992 | 97 |
| എം.ഒ (ഹോമിയോ) | 1 | 1 | 100000 | 100000 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2 | 915000 | 205354 | 23 |
| വി ഇ ഒ I | 16 | 15 | 78525581 | 16986718 | 21 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 7 | 5 | 5595744 | 4717732 | 85 |
| സെക്രട്ടറി | 52 | 26 | 27321558 | 6130560 | 23 |
| അസി.എൻജിനീയർ-എൽ.എസ്.ജി.ഡി | 232 | 156 | 69768681 | 38890556 | 56 |
| ഡയറി ഫാം ഇൻസ്പെക്ടർ | 2 | 2 | 3500000 | 3174980 | 91 |
| ഹെഡ്മാസ്റ്റർ | 6 | 3 | 3025000 | 1250040 | 41 |
| അസിസ്റ്റന്റ് സെക്രട്ടറി | 14 | 10 | 2035286 | 1155416 | 57 |
| ആകെ | 367 | 251 | 202590746 | 79580435 | 39.3 |

അംഗീകാരം കിട്ടിയ 367 പ്രോജക്ടുകളി 251 ല്എണ്ണം മാത്രമാണ് നടപ്പാക്കാൻ

സാധിച്ചത്.വകയിരുത്തിയ ആകെ തുകയുടെ 39 ശതമാനമാണ് ചെലവ്.നൂതന പ്രോജക്ടുകളൊന്നും തന്നെ ഏറ്റെടുക്കുകയോ നടപ്പാക്കുകയോ ചെയ്തിട്ടില്ല. ലൈഫ് ഭവനം ആണ് തൻവർഷം ഏറ്റെടുത്ത ഏറ്റവും ബൃഹത് പദ്ധതി. എന്നാൽ ഭവനത്തിനായി തെരഞ്ഞെടുക്കപ്പെട്ട് കരാർ വച്ച ഗുണഭോക്താക്കളുടെയും നിർമ്മാണത്തിന്റെ വിവിധഘട്ടങ്ങളിലായി തുക കൈപ്പറ്റിയതിന്റെയുമുൾപ്പെടെയുള്ള വിവരങ്ങളടങ്ങിയ രജിസ്റ്റർ കൃത്യമാക്കിയിട്ടില്ല.

മരാമത്ത് പ്രവൃത്തികൾ

റോഡ് കോൺക്രീറ്റിംഗ്,റോഡ് ടാറിംഗ്,സ്കൂളുകളുടെയും അങ്കണവാടികളുടെയും അറ്റകുറ്റപ്പണികൾ,കുടിവെള്ളപദ്ധതിയുമായി ബന്ധപ്പെട്ട പൂർത്തീകരണപ്രവൃത്തികൾ,തുടങ്ങിയവയാണ് അസി.എൻജിനീയർ നിർവഹണം നടത്തിയ പ്രോജക്ടുകളിൽ പ്രധാനമായവ.റോഡ് പ്രവൃത്തികളിൽ കണക്ടിവിറ്റി മാപ്പ് തയാറാക്കണമെന്ന് വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും തയാറാക്കിയിട്ടില്ല.പശ്ചാത്തലമേഖലയിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി ആവിഷ്കരിച്ച 232 പ്രോജക്ടുകളിൽ 64 പ്രോജക്ടുകൾ തൻവർഷം പൂർത്തീകരിച്ചില്ല. ആകെ അംഗീകാരം ലഭിച്ച 232 പ്രോജക്ടുകളിൽ 107 എണ്ണം സ്പിൽ ഓവർ പ്രവൃത്തികളാണ്. ഇതിൽ നിന്ന് പഞ്ചായത്തിന്റെ ലഭ്യമായ ഉദ്യോഗസ്ഥശേഷിക്ക് സാധിക്കുന്നതിനപ്പുറമാണ് ഓരോവർഷവും അംഗീകാരം വാങ്ങുന്ന പ്രോജക്ടുകളുടെ എണ്ണമെന്നാണ് വ്യക്തമാകുന്നത്.ഇപ്രകാരം നിരവധി പ്രോജക്ടുകൾ ഏറ്റെടുക്കുന്നത് പ്രവൃത്തിയുടെ ഗുണനിലവാരം, ഫലപ്രാപ്തി, കാര്യക്ഷമത എന്നിവയെ പ്രതികൂലമായി ബാധിക്കുന്നു. പ്രവൃത്തികളുടെ അനിവാര്യത, തുടർപുരോഗതിയെ എപ്രകാരം സഹായിക്കുന്നു എന്നിവയായിരിക്കണം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ മാനദണ്ഡമാക്കേണ്ടത്. എന്നാൽ വാർഡടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നതുമൂലം ഇപ്രകാരമുള്ള മാനദണ്ഡങ്ങൾ പ്രാവർത്തികമാക്കാനാവുന്നില്ല.

<u>ടെണ്ടർ നടപടികളിൽ മത്സരക്ഷമതയും സുതാര്യതയും ഉറപ്പാക്കുന്നില്ല.</u>

തൻവർഷം ടെണ്ടർ ചെയ്ത 189 പ്രവൃത്തികളിൽ 23 എണ്ണം ഒഴികെ ബാക്കിയുള്ളവയ്ക്ക് 3 കരാറുകാർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിരിക്കുന്നത്. ടെണ്ടറിംഗിൽ മത്സരക്ഷമതയും സുതാര്യതയും ഉറപ്പുവരുത്താനും അതുവഴി പ്രവൃത്തിയുടെ ചെലവ് കുറയ്ക്കാനും പഞ്ചായത്ത് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി സമയോചിത ഇടപെടൽ നടത്തുന്നില്ല എന്ന് വ്യക്തമാണ്. ഓഡിറ്റ് നിരീക്ഷണം ഭരണ സമിതിയുടെയും കമ്മറ്റിയുടെയും ശ്രദ്ധയിൽപ്പെടുത്തേണ്ടതും ടെണ്ടറുകൾ സംബന്ധിച്ച് കൂടുതൽ ഇടപെടലുകൾ നടത്തി സുതാര്യതയും മത്സരക്ഷമതയും ഉറപ്പാക്കി അറിയിക്കേണ്ടതുമാണ്.

പ്രോജക്ടുകളുടെ ഫലപ്രാപ്തി,പൂർത്തീകരണം,നിർവഹണഘട്ടങ്ങൾ എന്നിവയിലൊന്നും മോണിട്ടറിംഗ് ഉണ്ടായില്ലയെന്നത് വാർഷികപദ്ധതിയുടെ ഏറ്റവും വലിയ കുറവാണ്.നിർവഹണ ഉദ്യോഗസ്ഥനെ പ്രോജക്ട് ഏല്പിച്ചശേഷം മീറ്റിംഗുകളും ചർച്ചകളും നടത്തി നിർദേശങ്ങൾ നല്കുന്നതിനപ്പുറം ഫീൽഡ്തല സന്ദർശനങ്ങൾ,രേഖകൾ പരിശോധിക്കൽ തുടങ്ങിയവയിലൂടെ യഥാർഥ നിർവഹണങ്ങൾ വിലയിരുത്തപ്പെടുന്നില്ല.ഭരണസമിതി,സ്റ്റാന്റിംഗ് കമ്മിറ്റികൾ ,വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷികപദ്ധതിയുടെ ഫലപ്രാപ്തി സാധ്യമാവുകയുള്ളു.

<u>1-5എ വിനിയോഗലക്ഷ്യം കൈവരിച്ചില്ല 2.2 കോടി രൂപ നഷ്ടപ്പെട്ടു</u>

ഓഡിറ്റ് വർഷം സമയബന്ധിതമായി പദ്ധതി നടപ്പാക്കാത്തതിനാൽ നഷ്ടമായ സർക്കാർ ഗ്രാന്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഗ്രാന്റ്-ഇനം | അലോട്ട്മെന്റ്/ വരവ് | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 19,876,000/- | 18,160,390/- | 1,715,610/- |
| വികസന ഫണ്ട്- | 8,072,000/- | 5,336,707/- | 2,735,293/- |

| | | | |
|---|---|---|---|
| എസ്.സി.പി. | | | |
| വികസന ഫണ്ട്-ടി.എസ്.പി. | 254,000/- | 246,249/- | 7,751/- |
| ധനകാര്യ കമ്മീഷൻഗ്രാന്റ്(Tied) | 7,300,000/- | 742,020/- | 6,557,980/- |
| ധനകാര്യ കമ്മീഷൻഗ്രാന്റ്(Untied) | 14,041,388/- | 9,204,434/- | 4,836,954/- |
| മെയിന്റനൻസ് ഗ്രാന്റ്-Road | 22,905,000/- | 18,720,835/- | 4,184,165/- |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 5,350,331/- | 3,302,857/- | 2,047,474/- |
| | 22085227 | | 22085227 |

പ്രവൃത്തികളുടെ ബാഹുല്യവും, പദ്ധതി നിർവ്വഹണ നടപടികളിലെ മെല്ലെപ്പോക്കും സർക്കാർ ഫണ്ട് നഷ്ടപ്പെടാൻ പ്രധാന കാരണമാണ്. അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർവ്വഹണ ചുമതല ഉണ്ടായിരുന്ന മരാമത്ത് പ്രവൃത്തികളിൽ മൂന്നിൽ ഒന്ന് എണ്ണം പ്രോജക്ടുകളും നടപ്പാക്കിയില്ല. ഫണ്ട് ലാപ്സാകുന്നതിന് ഇത് പ്രധാന കാരണമായി. തൻവർഷത്തേയ്ക്ക് ലഭിക്കാൻ സാദ്ധ്യതയുള്ള ആകെ പദ്ധതി വിഹിതത്തിന് ആനുപാതികമായി മാത്രം പദ്ധതികൾ തയ്യാറാക്കുകയോ (സ്പിൽ ഓവർ ഉൾപ്പെടെ), അതല്ലെങ്കിൽ സ്പിൽഓവർ പദ്ധതികളുടെ പ്രവർത്തനങ്ങൾ വർഷാരംഭത്തിൽ തന്നെ പൂർത്തീകരിച്ച് ലഭിക്കാൻ സാദ്ധ്യതയുള്ള അധിക വിഹിതത്തിനായി സർക്കാരിനെ സമീപിക്കുകയോ ചെയ്യേണ്ടത് അനിവാര്യമാണ്. വികസനപ്രവർത്തനങ്ങൾക്കായി ലഭ്യമായിരുന്ന തുകയിൽ 2.2കോടി രൂപ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടിട്ടുണ്ട്. ഇതിൽ തിരികെ ലഭിക്കാൻ അർഹതയുള്ള തുക ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2020-21 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2020-21 ലേബർ ബജറ്റ് പ്രകാരം ആകെ 318 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതികാനുമതി ലഭിച്ച 311പദ്ധതികളിൽ 278എണ്ണം പൂർത്തീകരിച്ചു. 2020-21വർഷം 20 ഗ്രാമസഭകളും സോഷ്യൽ ഓഡിറ്റ് നടത്തുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം 61950തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 2020-21 വർഷം സൃഷ്ടിക്കപ്പെട്ട ശരാശരി തൊഴിൽ ദിനങ്ങൾ 64.2ആണ്. 965കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി നിർമ്മാണം, തരിശുഭൂമി കൃഷിയോഗ്യമാക്കൽ ,കിണർ നിർമ്മാണം മുതലായവയാണ് തൻവർഷം നടപ്പാക്കിയ പ്രധാന പ്രവൃത്തികൾ. 2020-21 വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു. ടി കണക്കുകൾ വാർഷികകണക്ക പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 22970811 | 22970811 | 22970811 | 0 |
| കാഷ് | 319164.40 | 450551 | 769715.40 | 588490 | 181225.40 |
| ആകെ | 319164.40 | 23421362 | 23740526.40 | 23559301 | 181225.40 |

## 1-7 സാമൂഹ്യക്ഷേമ പദ്ധതികൾ

2020-21 വർഷം അയർക്കുന്നം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി

ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 7,800/- | 11 |
| വാർദ്ധക്യകാലപെൻഷൻ | 42,031,900/- | 2614 |
| കർഷകതൊഴിലാളി പെൻഷൻ | 6,476,000/- | 422 |
| വിധവാപെൻഷൻ | 19,171,300/- | 1220 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 1,059,700/- | 67 |
| വികലാംഗപെൻഷൻ | 5,640,800/- | 363 |
| വിവാഹ ധനസഹായം | 360,000/- | 12 |

## 1-8 ക്യാഷ്ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 16/09/2021-ന് 03:30 PM സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 9,479/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൊതുവായ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

1) <u>പൊതുനിയന്ത്രണം</u>

ആഭ്യന്തര നിയന്ത്രണ സംവിധാന നിർവ്വഹണം ഉത്തരവാദിത്വമായി ഉൾക്കൊണ്ടുകൊണ്ട് റിസ്ക് നിർണ്ണയിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള നടപടികൾ ഭരണസമിതി സ്വീകരിച്ചിട്ടുണ്ട്. ഒരു ഇടപാടിന്റെ എല്ലാ തലങ്ങളും ഒരേ ജീവനക്കാരൻ തന്നെ ചുമതലകൾ നിർവഹിക്കുന്ന അവസ്ഥ ശാസ്ത്രീയമായ ജോലി വിഭജനത്തിലൂടെ ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

2) <u>അക്കൗണ്ടിംഗ് സംവിധാനം (Sankhya Software മുഖേന)</u>

അക്കൗണ്ടിംഗ് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം സാംഖ്യ സോഫ്റ്റ്‌വെയറിലധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം പിൻതുടരുന്നു, എങ്കിലും ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല.

3) <u>ക്യാഷ്, ബാങ്ക് നിയന്ത്രണം</u>

ഓരോ ഇടപാടുകൾ സംബന്ധിച്ചും ഫലപ്രദമായ കാഷ്/ബാങ്ക് നിയന്ത്രണത്തിൽ അപാകതകൾ നിലവിലില്ല. നിലവിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ലിസ്റ്റ്, ചെക്ക്/ഡി.ഡി. എന്നിവയുടെ രേഖകൾ ക്യാഷ്/ബാങ്ക് മുഖേനയുള്ള വരവ് ചെലവുകളുടെ രേഖപ്പെടുത്തൽ, സൂക്ഷിപ്പ്, വരവിൽ നിൽക്കുന്ന ക്യാഷിന്റെ നിക്ഷേപം, ചെലവുകൾ വേർതിരിച്ച് നിയന്ത്രിച്ചും, ചെലവുകൾ വ്യക്തമായി ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയും ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയുമുള്ള ക്യാഷ്/ബാങ്ക് സംബന്ധിച്ച വ്യക്തമായ സംവിധാനം അവലംബിച്ചിട്ടുണ്ട്.

4) <u>നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം</u>

നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഫലപ്രദമായ ഇടപെടലുകൾ സംബന്ധിച്ച് മിനിട്ട്സ് ബുക്കുകളിൽ രേഖപ്പെടുത്തലുകൾ ഉണ്ടായിട്ടുണ്ട്. വസ്തുനികുതി കുടിശ്ശിക അവശേഷിക്കുന്നുണ്ട്.

5) വാങ്ങലുകളിന്മേലും നിർമ്മാണ പ്രവൃത്തികളിന്മേലുള്ള നിയന്ത്രണം

പ്രൊക്യൂർമെന്റ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റുവർഷം ഒറ്റ കമ്മറ്റി പോലും കൂടിയിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ നിരീക്ഷണത്തിലും അംഗീകാരത്തോടും കൂടിയ പ്രോക്യൂർമെന്റ് മാനുവൽ അനുസരിച്ചുള്ള പ്രവൃത്തികളും വാങ്ങലുകളും നടത്തിയതായിവ്യക്തമല്ല.

6) പേ റോൾ നിയന്ത്രണം

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചും, സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള പേ റോൾ നിയന്ത്രണം നിലവിലുണ്ട്.

7) രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

കേന്ദ്ര /സംസ്ഥാന ഫണ്ട് വിഹിതങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതും ബി4-പട്ടികയുമായി ബന്ധപ്പെടുത്തി സൂക്ഷിക്കേണ്ട ACRസൂക്ഷിയ്ക്കുന്നില്ല. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ, വാട്ടർ ചാർജ്ജ് രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ കൃത്യമായും കാലികമായും സൂക്ഷിച്ചിട്ടില്ല.

8) ആസ്തി നിയന്ത്രണം ഫലപ്രദമല്ല

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

9) ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനഓഡിറ്റ് നടത്തിയതീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27/08/2021 | 04/2021 – 06/2021 | റിപ്പോർട്ട് ലഭിച്ചില്ല |
| അക്കൗണ്ടന്റ്ജനറലിന്റെ ഓഡിറ്റ് | 25/01/2014-06/02/2014 | 2009-10 മുതൽ 2013-14 വരെ | എൽ.ബി.എ(എച്ച്.ക്യൂ)/II/8/2223/322/05/2015 തീയതി 02/01/2015 |

1-11 രസീത് ചെയ്ത തുക അക്കൗണ്ടിൽ വരവ് വന്നില്ല

പഞ്ചായത്ത് ഫ്രണ്ട് ഓഫീസിൽ 1.2.2020 തീയതിയിൽ രസീത് നം. 119021100008 പ്രകാരം ശ്രീമതി ഷൈനി ജോസഫ് എന്ന വ്യക്തിയുടെ 7/577 എ എന്ന കെട്ടിടത്തിന്റെ 2019-20 വർഷത്തെ വസ്തുനികുതിയായി 913 രൂപ പിരിച്ചിരുന്നു. ഫ്രണ്ട് ഓഫീസിലെ സൗത്ത് ഇൻഡ്യൻ ബാങ്ക് അക്കൗണ്ടുമായി ലിങ്ക് ചെയ്തിട്ടുള്ള കാർഡ് പെയ്മെന്റ് സിസ്റ്റം വഴിയായാണ് തുക ഒടുക്കിയത്. എന്നാൽ 31.3.2021 ലും പ്രസ്തുത തുക അക്കൗണ്ട് ചെയ്യപ്പെടാത്തതിനെ തുടർന്ന് റികൺസിലിയേഷൻ സ്റ്റേറ്റ് മെന്റ് പ്രകാരം അവശേഷിക്കുകയാണ്. സഞ്ചയയിൽ ടി രസീത് പ്രകാരം തുക അടവാക്കിയതായി രേഖപ്പെടുത്തിയിട്ടുള്ളതിനാൽ 2019-20 വർഷത്തെ വസ്തുനികുതിയിനത്തിൽ കുടിശിക നിലവിലില്ല. ഓഡിറ്റ് അന്വേഷണത്തിന് കാർഡ് പെയ്മെന്റ് വഴി ഒടുക്കിയ തുക ക്രെഡിറ്റ് ആകാതെ രസീത് ചെയ്തതിനാൽ ബാങ്ക് അക്കൗണ്ടിൽ തുക വന്നിട്ടില്ലെന്ന് വ്യക്തമാക്കി. തുക ഒടുക്കിയ വ്യക്തി സ്ഥലത്ത് ഇല്ലാത്തതിനാൽ ഇക്കാര്യത്തിൽ വ്യക്തത വരുത്താനായിട്ടില്ലെന്നും വ്യക്തത വരുത്തിയ ശേഷം തുക അടയ്ക്കാമെന്ന് സമ്മതിച്ചിട്ടുള്ളതായും മറുപടി ലഭിച്ചു. രസീത് പ്രകാരം തുക അടവാക്കി ഇതുവും

മാസങ്ങൾ കഴിഞ്ഞിട്ടും തുക അക്കൗണ്ടിൽ ലഭിക്കാത്തത് സംബന്ധിച്ച് തുടർ നടപടികളൊന്നുമെടുക്കാതെ ഇപ്പോഴും തുടരുന്നത് അഭികാമ്യമല്ല. ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 21 ലക്ഷത്തിലധികം രൂപ വസ്തുനികുതി കുടിശിക

വസ്തുനികുതി കുടിശികയിനത്തിൽ 21 ലക്ഷത്തിലധികം കുടിശികയുള്ളതായി 31/03/2021 ബാലൻസ് ഷീറ്റിൽ കാണുന്നു. സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ലാത്തതിനാൽ കുടിശികയുടെ കൃത്യത വ്യക്തമല്ല. ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കി കുടിശിക പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 സ്വകാര്യ സ്ഥാപനങ്ങൾ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല

2019-20, 2020-21 വർഷങ്ങളിൽ പഞ്ചായത്ത് പരിധിയിലുള്ള ചില സ്വകാര്യ സ്ഥാപനങ്ങൾ തൊഴിൽ നികുതി ഡിമാന്റിലോ സ്ഥാപനങ്ങളുടെ ലിസ്റ്റിലോ ഉൾപ്പെട്ടിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1. | ഗ്രീൻ ഡിസൈൻ കൺസ്ട്രക്ഷൻ, അയർക്കുന്നം |
| 2. | യുണൈറ്റഡ് ഇൻഷുറൻസ് കോ. ലിമിറ്റഡ്, അയർക്കുന്നം |
| 3. | ABT ചിറ്റ്സ്, അയർക്കുന്നം |
| 4. | വൺവേ ഫിനാൻഷ്യൽ സർവ്വീസസ്, അയർക്കുന്നം |
| 5. | നെല്ലമ്പുഴ ഫിനാൻസിയേഴ്സ്, അയർക്കുന്നം |
| 6. | ബി. ജെ. ഫിനാൻസ്, ഒറവയ്ക്കൽ |
| 7. | നെടുംപറമ്പിൽ ഫിനാൻസ്, അയർക്കുന്നം |

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട ഏതാനും സ്ഥാപനങ്ങളുടെ ലിസ്റ്റാണ് ചേർത്തിരിക്കുന്നത്. തൊഴിൽ നികുതി ഡിമാന്റിൽ സ്ഥാപനങ്ങൾ ഉൾപ്പെടാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.27/30.09.2021) നൽകിയ മറുപടിയിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുമെന്ന് അറിയിച്ചു. പഞ്ചായത്ത് പരിധിയിൽ അന്വേഷണം നടത്തി എല്ലാ തൊഴിൽ നികുതി ബാധകമായ എല്ലാ സ്ഥാപനങ്ങളും നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതാണ്. മേൽവിവരിച്ചതുൾപ്പടെ കണ്ടെത്തിയ എല്ലാ സ്ഥാപനങ്ങളെയും തൊഴിൽ നികുതി സ്ഥാപന ലിസ്റ്റിൽ ഉൾപ്പെടുത്തി 2019-20, 2020-21 സ്ഥാപന തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി രസീതിന്റെ പകർപ്പുകൾ ഉൾപ്പടെ മറുപടി നൽകേണ്ടതാണ്.

## 1-14 വാടക/ലേലം അപാകതകൾ

1. 2020-21 സാമ്പത്തിക വർഷം പഞ്ചായത്തിലെ ലേല ഇനങ്ങളായ ബസ് സ്റ്റാന്റ് ലേലം, അയർക്കുന്നം ടാക്സി സ്റ്റാന്റ്, പേ ആന്റ് പാർക്ക് ലോറി സ്റ്റാന്റ് എന്നിവ ലേലം കൊണ്ടിട്ടില്ലെന്നും ഈയിനത്തിൽ വരവുകളൊന്നുമുണ്ടായിട്ടില്ലെന്നും കാണുന്നു. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല.

2. റെന്റ് ഡെപ്പോസിറ്റ് ഇനത്തിൽ 31.3.2021 ലെ ബാലൻസ് ഷീറ്റ് പ്രകാരം വെറും 3293 രൂപയാണുള്ളത്. 2020-21 വർഷം 34 കടമുറികളാണ് പഞ്ചായത്തിൽ നിന്നും വാടകയ്ക്കായി നൽകിയിട്ടുള്ളത്. വാടകക്കാരിൽ നിന്നും ബൈലോ പ്രകാരം ഡെപ്പോസിറ്റ് ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല.

പഞ്ചായത്തിന് തനതു ഫണ്ടിലേക്ക് ഗണ്യമായ വരുമാനം നൽകുന്ന വാടക/ലേലം എന്നിവ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നില്ലെന്നാണ് മനസിലാക്കുന്നത്. പഞ്ചായത്തിന്റെ വരവിനങ്ങളായ ലേലം, വാടക എന്നിവ ഫലപ്രദമായി ഉപയോഗിക്കുന്നതിൽ വീഴ്ച വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വാടകയ്ക്ക് നൽകുന്ന മുറികളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് അടിയന്തമായി നടപടി എടുക്കേണ്ടതാണ്.

1-15 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1. പഞ്ചായത്തിന്റെ ഫാക്ടറികൾക്കും വ്യവസായങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ (FTEAO) ചട്ടങ്ങൾ പ്രകാരമുള്ള രജിസ്റ്റർ പരിശോധിച്ചതിൽ 2020-21 വർഷം താഴെ കൊടുത്തിട്ടുള്ള കെട്ടിടങ്ങൾ ലൈസൻസ് എടുത്തിട്ടില്ലെന്നു കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ ഉടമയുടെ പേര് | സ്ഥാപനത്തിന്റെ തരം |
|---|---|---|
| 1 | സീമ സന്തോഷ്, വട്ടമലയിൽ | പച്ചക്കറി വ്യാപാരം |
| 2 | പി.എസ്.ഗോപി,തേക്കനാംകുന്നേൽ | മത്സ്യ വ്യാപാരം |
| 3 | ജോമോൻ ജോസഫ്, കല്ലിടിക്കൽ | മത്സ്യവ്യാപാരം |
| 4 | കെ.ജി.സുനിൽകുമാർ,കുട്ടുമേൽത്താഴെ | ഉദയ ടൈംസ് |
| 5 | പി.എസ്.വിജയകുമാർ,പറപ്പള്ളിത്താഴെ | ഫ്രൂട്ട്സ് സ്റ്റാൾ |
| 6 | കെ.വി.ജോർജ്,കല്ലറയ്ക്കൽ | പച്ചക്കറി വ്യാപാരം |
| 7 | രാജേഷ്,തൈക്കുട്ടത്തിൽ | ടീ ഷോപ്പ് |
| 8 | എ.കെ. ഗോപി,അങ്ങാടിക്കുന്നേൽ | ടെയ് ലറിംഗ് ഷോപ്പ് |
| 9 | ജോസഫ് തോമസ്,കോയിപ്രായിൽ | ഫർണിച്ചർ നിർമ്മാണം |
| 10 | ലിസ്സി തോമസ്,വാഴയിൽ | ബ്രിക്സ് നിർമാണം |
| 11 | സുധീഷ് പി.എസ്.,പാലമൂട്ടിൽ | പച്ചക്കറി വ്യാപാരം |
| 12 | ജോസഫ്,തൊണ്ടുകുളം | തൊണ്ടുകുളം ടിംമ്പേഴ്സ് |
| 13 | സന്ധ്യാ ഷൈജു,ചൂരനാനിക്കൽ | ബ്യൂട്ടി പാർലർ |
| 14 | ടി.സി.രാജു,ആലയ്ക്കൽ പറമ്പിൽ | പലചരക്ക്, സ്റ്റേഷനറി |
| 15 | എ.എസ്. സ്കറിയ | ലാറ്റക്സ് നിർമാണം |
| 16 | റിൻസി ഫിലിപ്,മുരുകൻ ചിറയിൽ | പ്രസ്സ് |

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് കുറെ സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് ഈടാക്കി വിവരം അറിയിച്ചിട്ടുണ്ട്. അവശേഷിക്കുന്ന സ്ഥാപനങ്ങളാണ് പട്ടികയിലുള്ളത്. മറ്റ്

സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

2. രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളോ കള്ളുഷാപ്പുകളോ ലൈസൻസെടുത്തിട്ടില്ലെന്ന കാണുന്നു. 2017 ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ പട്ടിക I- ക്രമ നം. 139,149 പ്രകാരം അബ്കാരി ഷാപ്പുകൾ-സംഭരണവും വിൽപ്പനയും, റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ എന്നിവയുടെ നടത്തിപ്പ് ലൈസൻസെടുത്ത് പ്രവർത്തിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അബ്കാരി ഷാപ്പുകളും റേഷൻ കടകളും ലൈസൻസെടുത്ത് പ്രവർത്തിക്കുവെന്ന് ഉറപ്പാക്കേണ്ടതാണ്.

ലൈസൻസെടുത്ത് പ്രവർത്തിക്കേണ്ട എല്ലാ സ്ഥാപനങ്ങളും ലൈസൻസെടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിൽ സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുകയും ആയത് എല്ലാ വർഷവും പുതുക്കുകയും ചെയ്യേണ്ടതാണ്. കോവിഡ് സാഹചര്യങ്ങളെത്തുടർന്ന് ലൈസൻസ് പുതുക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഇളവുകൾ അനുസരിച്ച് ലൈസൻസ് പുതുക്കുന്നതിന് സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.

## 1-16 ലൈസൻസ് പുതുക്കാതെ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന

പഞ്ചായത്തിന്റെ പാരാമെഡിക്കൽ രജിസ്റ്റർ പരിശോധിച്ചപ്പോൾ മുൻവർഷങ്ങളിൽ പ്രവർത്തിച്ചു വന്നിരുന്ന താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ ആവശ്യമായ അനുമതി പുതുക്കാതെ 2020-21 വർഷം പ്രവർത്തിക്കുന്നതായി കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ-നം | സ്ഥാപനത്തിന്റെ ഉടമ | സ്ഥാപനത്തിന്റെ തരം |
|---|---|---|
| 1 | ഡോ. അശ്വതി പി ജേക്കബ്, ഇടയാലിമാലിൽ | മാലി ഡെന്റൽ ക്ലിനിക് |
| 2 | ഡോ. തങ്കം,കൃഷ്ണാഞ്ജലി | ചിത്തിര മെഡിക്കൽ സെന്റർ |
| 3 | ജോൺ റെജു ഫിലിപ് | ജിയോ ഡെന്റൽ ക്ലിനിക് |
| 4 | ഡോ.കേശവൻ നമ്പൂതിരി | കെയർവെൽ ഹോമിയോ |
| 5 | അരുൺ തോമസ് | എബനസർ ഡെന്റൽ ക്ലിനിക് |
| 6 | വി.ജെ.എബ്രഹാം,വാതക്കാട്ടിൽ | സെന്റ്. ജൂഡ് ഹോസ്പിറ്റൽ |
| 7 | ഡോ.ജയ് മോൻ മാത്യു, ഇടത്തിമലയിൽ | കീർത്തി ഡെന്റൽ ക്ലിനിക് |
| 8 | ഡോ. രാജു വല്യാറ | ദീപ്തി ക്ലിനിക് |
| 9 | ഡോ.അന്നമ്മ ഐസക് | മോഡേൺ ക്ലിനിക്&ലാബോറട്ടറി |
| 10 | മിനി റോണി | കോൺഫിഡന്റ് ഡെന്റൽ ക്ലിനിക് |

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് ഡെന്റൽ ക്ലിനിക്കുകൾ ലൈസൻസെടുക്കേണ്ട പരിധിയിൽ പെടുന്നില്ലെന്ന് മറുപടിയാണ് നൽകിയത്. കേരള പഞ്ചായത്ത് രാജ് ആക്ട് (സ്വകാര്യ

ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുക്കുകയും എല്ലാ വർഷവും പുതുക്കുകയും ചെയ്യേണ്ടതാണ്. ചട്ടം 269 എ-ൽ ആശുപത്രി എന്നാൽ ശാരീരികമോ മാനസികമോ ആയ ഏതെങ്കിലും അസുഖമോ ക്ഷതമോ വൈകല്യമോ കാരണം ക്ലേശമനുഭവിക്കുന്ന ആളുകളെ പ്രവേശിപ്പിക്കുകയോ പാർപ്പിക്കുകയോ ചെയ്യുന്നതിനും അവർക്ക് ചികിത്സയോ, ശുശ്രൂഷയോ അല്ലെങ്കിൽ അവ രണ്ടും കൂടിയോ നൽകുന്നതിനും ഉപയോഗിക്കുന്നതോ ഉപയോഗിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും സ്ഥാപനമോ പരിസരമോ എന്നർത്ഥമാക്കുന്നുവെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ THE KERALA CLINICAL ESTABLISHMENTS(REGISTRATION AND REGULATION) ACT, 2018 പ്രകാരം ലൈസൻസെടുക്കുന്നതിന് പഞ്ചായത്തിൽ നിന്നുള്ള എസ്റ്റാബ്ലിഷ് മെന്റ് സർട്ടിഫിക്കറ്റ് സഹിതമാണ് അപേക്ഷിക്കേണ്ടത്. ആയതിനാൽ ക്ലിനിക്കുകളെ ലൈസൻസ് പരിധിയിൽ നിന്നും ഒഴിവാക്കാനാകില്ലെന്ന് കാണുന്നു.

ക്രമ നം.2,6 എന്നീ ആശുപത്രികളുടെ ലൈസൻസ് 2021-22 ൽ മുൻവർഷങ്ങളിലേതുൾപ്പെടെ അടയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. പഞ്ചായത്ത് പരിധിയിൽ ലൈസൻസെടുത്ത് പ്രവർത്തിക്കേണ്ട എല്ലാ സ്ഥാപനങ്ങളും യഥാസമയം ആവശ്യമായ അനുമതിയെടുത്താണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-17 കൊയ്ത്തുമെതി യന്ത്രത്തിന്റെ വാടകയിനത്തിൽ തുക കുറവായി ഈടാക്കി

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കൊയ്ത്തുമെതി യന്ത്രം കെഴുവള്ളിപ്പാടം നെല്ല് ഉദ്പാദക സഹകരണസംഘത്തിന് കരാർ ചമച്ച് 9.11.2016 ലെ കമ്മിറ്റി തീരുമാനപ്രകാരം 70000 രൂപ വാടകയോടെ 15.11.16 മുതൽ 11 മാസക്കാലയളവിലേക്ക് കൈമാറിയിട്ടുള്ളതാണ്. 25.11.2017 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം 5% വാടക വർദ്ധനയോടെ 11 % മാസക്കാലയളവിലേക്ക് കൂടി കരാർ നീട്ടി നൽകി. എന്നാൽ തുടർ വർഷങ്ങളിലേക്ക് കൊയ്ത്തുമെതി യന്ത്രം വാടക പുതുക്കി നൽകുന്നതിനായി തീരുമാനമെടുത്തതായി കാണുന്നില്ല. നിലവിൽ കൊയ്ത്തുമെതി യന്ത്രം പാടശേഖര സമിതിയുടെ കൈവശമാണുള്ളത്. 5% വരുമാന വർദ്ധയോടെ 2019-20 വർഷത്തേക്ക് 81034 രൂപയും 2020-21 വർഷത്തേക്ക് 85085 രൂപയും അടവാക്കേണ്ടതായിരുന്നെങ്കിലും 2019-20 ൽ ഈയിനത്തിൽ 73000 രൂപയുടെ വരവും 2020-21 ൽ 80000 രൂപയുടെ വരവുമാണ് റസീപ്റ്റ് ആന്റ് പെയ്മന്റ് പ്രകാരം വരവു വന്നിട്ടുള്ളത്. ആയത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കൊയ്ത്തുമെതി യന്ത്രത്തിന്റെ ഉടമസ്ഥാവകാശം പുതുക്കുന്നത് സംബന്ധിച്ചും ആയതിന്റെ വാടക സംബന്ധിച്ചും വ്യക്തതയില്ല. പഞ്ചായത്തിന് വാടകയിനത്തിൽ ലഭിക്കേണ്ട തുക പൂർണ്ണമായി ഈടാക്കി കമ്മിറ്റി തീരുമാനത്തോടെ കൃത്യമായി കരാർ പുതുക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 ട്രാക്ടർ വാടകയ്ക്ക് നൽകിയത് പ്രവർത്തനക്ഷമമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സെക്രട്ടറി കസ്റ്റോഡിയനായിട്ടുള്ള ട്രാക്ടർ ഉപയോഗത്തിന് നാളിതുവരെയായി ബൈലോ തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടില്ല. 8/2020ലെ കരാർ പ്രകാരം ട്രാക്ടർ നിലവിൽ പാടശേഖരസമിതിയ്ക്ക് വാടകയ്ക്ക് നൽകിയിട്ടുണ്ട്. 2011-12സാമ്പത്തികവർഷം ആയിരുന്നു ട്രാക്ടർ വാങ്ങിയതും രജിസ്ട്രേഷൻ നടത്തിയതും. ആയതിനാൽ പതിനഞ്ചുവർഷത്തിനു ശേഷം പ്രവർത്തനക്ഷമമാക്കുന്നതിനു ഒരു ലക്ഷത്തോളം രൂപ ചെലവഴിച്ച് മെയിന്റനൻസ് വേണ്ടി വന്നിരുന്നു വെന്ന് പാടശേഖരസമിതി സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. കരാർ പ്രകാരം ട്രാക്ടർ പ്രയോജനപ്പെടുത്തുന്നതുമൂലം ലഭ്യമാകുന്ന വരുമാനത്തിന്റെ 10%പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. എന്നാൽ ആർ.സി ബുക്ക് , ഇൻഷ്വറൻസ് എന്നിവ നാളിതു വരെ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ട്രാക്ടർ കാർഷികപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാൻ തുടങ്ങിയിട്ടില്ല എന്നും പാടശേഖരസമിതി സെക്രട്ടറി സൂചിപ്പിച്ചു. മെയിന്റനൻസിനു വേണ്ടി ചെലവഴിച്ച തുകയുടെ അൻപതുശതമാനം പാടശേഖരസമിതിയ്ക്കു നൽകണമെന്ന കരാർ വ്യവസ്ഥയും

പഞ്ചായത്ത് പാലിച്ചിട്ടില്ല. കരാർ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി ട്രാക്ടർ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-19 ഭൂവികസന പെർമിറ്റുകളിലെ തുടർനിരീക്ഷണങ്ങൾ നടത്തുന്നില്ല-അനധികൃത മണ്ണെടുപ്പിന് സാഹചര്യമുണ്ടാകുന്നു

പെർമിറ്റ് രജിസ്റ്റർ പ്രകാരം ഭൂവികസന പെർമിറ്റ് എടുത്തിട്ടുള്ള ശ്രീ.ശശി മോളോക്കുന്നേൽ, അയർക്കുന്നം, ശ്രീ ദാസൻ എം.എൻ. മോളോക്കുന്നേൽ എന്നീ വ്യക്തികൾക്ക് BA 99329/19/Dt. 25.4.19, BA 99387/19/14.5.19 എന്നീ ഡെവലപ്പ്മെന്റ് പെർമിറ്റുകൾ പ്രകാരം മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുമതി നൽകിയിരുന്നു. എന്നാൽ അനധികൃതമായി മണ്ണെടുക്കുന്നതായി പരാതി ലഭിച്ചതിനെ തുടർന്ന് 20.6.19, 21.6.19 എന്നീ ദിവസങ്ങളിൽ നടത്തിയ പരിശോധനയിൽ അനുവദനീയമായ അളവിലും കൂടുതലായി മണ്ണെടുക്കുന്നതായി കണ്ടതിനാലും മണ്ണെടുക്കൽ ഇളപ്പാനി കുടിവെള്ള പദ്ധതിയുടെ ടാങ്ക്, കൂടംകുളം വൈദ്യുതി പദ്ധതിയുടെ ടവർ എന്നിവയ്ക്ക് കേടുപാടുണ്ടാക്കാൻ സാധ്യതയുണ്ടെന്ന് കണ്ട് ഡെവലപ്പ്മെന്റ് അനുമതി താൽക്കാലികമായി നിർത്തി സെക്രട്ടറി ഉത്തരവിട്ടതായി ഫയൽ പരിശോധനയിൽ കണ്ടു. മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് മണ്ണ് പ്ലോട്ടിൽ നിന്നും മറ്റ് സ്ഥലത്തേക്ക് കൊണ്ടു പോകുന്നതിനായി നൽകുന്ന ട്രാൻസിറ്റ് പാസ് അനുവദിക്കുമ്പോൾ വിവിധ നിബന്ധനകൾക്ക് വിധേയമായാണ് പാസ് അനുവദിക്കുന്നത്. അതിൽ 22.6.2017 ലെ ബഹു. വ്യവസായ വകുപ്പിന്റെ ജി.ഒ.(പി) നം. 25/2017 /ഐഡി നമ്പർ ഉത്തരവ് പ്രകാരം ഇപ്രകാരം മണ്ണെടുപ്പ് നടത്തുന്ന സ്ഥലത്ത് ഒരു വർഷത്തിനുള്ളിൽ അംഗീകരിച്ച ബിൽഡിംഗ് പ്ലാൻ, ബിൽഡിംഗ് പെർമിറ്റ് പ്രകാരം കെട്ടിടനിർമാണ പ്രവർത്തി ആരംഭിച്ച് കെട്ടിടത്തിന്റെ ബേസ്മെന്റ് എങ്കിലും നിർമിച്ച് ആയത് ജിയോളജി വകുപ്പിനെ അറിയിക്കേണ്ടതാണെന്നും അല്ലാത്ത സാഹചര്യത്തിൽ മണ്ണ് നീക്കം ചെയ്തത് അനധികൃതമായി കണക്കാക്കി തുക ഈടാക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

പഞ്ചായത്തിലെ പെർമിറ്റ് രജിസ്റ്റർ പ്രകാരം 2017 ൽ 38, 2018 ൽ 30, 2019 ൽ 41, 2020 ൽ 18 എന്നിങ്ങനെ ഭൂവികസന പെർമിറ്റ് നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ നിലവിൽ പ്രസ്തുത പെർമിറ്റ് എടുത്ത വ്യക്തികൾ കെട്ടിട നിർമാണം പൂർത്തിയാക്കിയിട്ടുണ്ടോ, കെട്ടിടം അസസ് ചെയ്തിട്ടുണ്ടോ എന്ന് രജിസ്റ്ററിൽ നിന്നും വ്യക്തമല്ല. ഡെവലപ്പ്മെന്റ് പെർമിറ്റ് എടുത്ത ശേഷം പ്രസ്തുത വ്യക്തികൾ കെട്ടിട നിർമ്മാണം നടത്തുന്നുണ്ടോ എന്ന് പരിശോധിക്കപ്പെടുന്നില്ല. ഇത് വീട് നിർമ്മിക്കാൻ പെർമിറ്റ് എടുത്ത ശേഷം അതിന്റെ മറവിൽ വ്യാപകമായ മണ്ണെടുപ്പ് നടക്കുന്നതിന് ഇടയാക്കിയേക്കാം എന്ന് മേൽ ഉദാഹരണങ്ങളിൽ നിന്നും വ്യക്തമാണ്. അതിനാൽ പെർമിറ്റ് സമ്പാദിച്ച് മണ്ണെടുപ്പ് നടത്തുന്ന വ്യക്തികളിൽ കെട്ടിടം നിർമ്മിക്കാതിരിക്കുന്ന ആൾക്കാരെ തുടർനിരീക്ഷണങ്ങൾ നടത്തി ഭൂവികസന പെർമിറ്റ് മണ്ണെടുപ്പിന് മാത്രമായാണോ എടുക്കുന്നതെന്ന് കണ്ടെത്തിആവശ്യമായ നിയമനടപടി സ്വീകരിക്കണ്ടേതാണ്.

1-20 മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നു

പഞ്ചായത്തിലെ സാമൂഹ്യക്ഷേമ പെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറിലും 2019-20,2020-21 വർഷത്തെ പഞ്ചായത്തിലെ മരണ റിപ്പോർട്ടും പരിശോധിച്ചപ്പോൾ മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. പരിശോധിച്ച ഏതാനും പേരുടെ വിവരങ്ങൾ മാത്രം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഇനം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഗോപിനാഥകുറുപ്പ് സി ജി | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 105470200628 | 10.12.2019 | 1/2020-8/2021 | 28200 (വിതരണം തുടരുന്നു) |
| അമ്മിണി വിശ്വനാഥൻ | ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം -ശാരീരികം | 105470400064 | 6.12.2019 | 1/2020-8/2021 | 28200 (വിതരണം തുടരുന്നു) |
| ജാനകി ശേഖരൻ, മുടക്കം തൊട്ടിയിൽ | കർഷക തൊഴിലാളി പെൻഷൻ, | 105470100415 | 3.1.2020 | 2/2020-6/2021 | 21200 |
| ജാനകി ശേഖരൻ, മുടക്കം തൊട്ടിയിൽ | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 105470100415 | 3.1.2020 | 2/2020-11/2020 | 6000 |
| വാസു കുഞ്ഞൂട്ടി | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 105470200151 | 24.12.2019 | 1/2020-8/2021 | 30500 |
| റോസമ്മ എബ്രഹാം, പായിപ്ര വീട് | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 105470601451 | 13.1.2020 | 2/2020-8/2021 | 27000 |
| തങ്കമ്മ ഗോപാലൻ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 105410600107 | 20.1.2020 | 2/2020-8/2021 | 27000 |
| പി.കെ. ഉഉപ്പ്, പുത്തൻപറമ്പിൽ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 105470200758 | 17.1.2020 | 8/2020-8/2021 | 29000 |
| തങ്കമ്മ തങ്കപ്പൻ, നാലൊന്ന് കാലായിൽ | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 105470600555 | 5.2.2020 | 3/20-8/2021 | 25800 |
| ജാനകി നാരായണൻ, | ഇന്ദിരാ ഗാന്ധി | 105470200576 | 2.2.2020 | 3/20-8/2021 | 27500 |

| | | | | | |
|---|---|---|---|---|---|
| അഴകംതട്ടേൽ | ദേശീയ വാർദ്ധക്യകാല പെൻഷൻ | | | | |
| റ്റി.കെ. മാത്യു, തയ്യിൽ വീട് | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 105470200160 | 24.2.2020 | 3/2020-8/2021 | 27500 |
| എബ്രഹാം കെ.എം, കാകാരിൽ പുത്തൻപുരയിൽ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 105470201088 | 16.2.2020 | 3/2020-8/2021 | 27500 |
| ശശി റ്റി.ഡി., ഞാന്നിക്കൽ | കർഷക തൊഴിലാളി പെൻഷൻ | 105470100757 | 27.2.2020 | 3/2020-8/2021 | 25800 |
| സാവിത്രി അന്തർജനം | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 105470201479 | 24.2.2020 | 3/2020-2/2021 | 18000 |
| എംപി ജോർജ് | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 105470201004 | 3.3.2020 | 4/2020-8/2021 | 24600 |
| മറിയാമ്മ തോമസ്, മുല്ലൂർ വീട് | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 105470201141 | 24.2.2020 | 3/2020-8/2021 | 27500 |
| അന്നമ്മ ചെറിയാൻ, മഞ്ചത്തിൽ കരോട്ട് | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 105470600108 | 5.3.2020 | 4/2020-8/2021 | 24600 |
| സരള, ചരിവിള വീട് | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 102900200709 | 19.3.2020 | 4/2020-8/2021 | 26000 |

ഗുണഭോക്താവ് മരണപ്പെട്ടതിനു ശേഷം വളരെക്കാലമായി ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്നത് തുടരുകയാണ്. പഞ്ചായത്തിലെ മരണ രജിസ്റ്ററുമായി ചേർത്ത് പരിശോധിച്ച ഏതാനും ഗുണഭോക്താക്കളുടെ മാത്രം കണക്കാണിത്. ഇതു കൂടാതെ മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ലാത്തതിനാൽ ആ ഗണത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കും മരണ ശേഷം തുക കൈമാറുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടെന്ന് അനുമാനിക്കാം.

ധനകാര്യ വകുപ്പിന്റെ 23.09.2020 ലെ സ.ഉ.(എം.എസ്) നം.97/2020/ധന പ്രകാരം ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ നിലവിൽ അനർഹമായി നൽകിയ തുകകൾ ബാങ്കിൽ നിന്നോ അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാർക്ക് മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിട്ടുള്ളതായി കണക്കാക്കുന്നു. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതുമാണ്.

**1-21 കോടതി വ്യവഹാരങ്ങളുടെ തുടർ നടത്തിപ്പ് നിരീക്ഷിക്കാൻ സംവിധാനമില്ല സ്യൂട്ട് രജിസ്റ്റർ-കാലികമായും കൃത്യമായും എഴുതി സൂക്ഷിച്ചിട്ടില്ല**

സ്യൂട്ട് രജിസ്റ്റർ പ്രകാരം അൻപതോളം കേസുകൾ ഗ്രാമപഞ്ചായത്ത് എതിർകക്ഷിയായി നിലവിലുണ്ട്. ഇവയിൽ ഹൈക്കോടതി, കീഴ്കോടതികൾ, ഓംബുഡ്സ്മാൻ, ട്രൈബ്യൂണൽ എന്നിവയിൽ ഫയൽ ചെയ്തവ വരെ ഉൾപ്പെടുന്നു. കേസിന്റെ തുടർ നടത്തിപ്പ്, തീർപ്പ് തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല. തൻമൂലം പഞ്ചായത്തിന്റെ താത്പര്യം സംരക്ഷിക്കാൻ ഉതകുംവിധം സമയബന്ധിതമായി നടപടികൾ തുടരുന്നതിന് പഞ്ചായത്തിനു കഴിയുന്നുണ്ടോ എന്നതും വ്യക്തമല്ല. കൂടാതെ പഞ്ചായത്ത് വാദിയായാണോ പ്രതിയായാണോ കേസുകളിൽ കക്ഷി ചേർന്നിരിക്കുന്നത് എന്ന കാര്യം വ്യക്തമല്ല. പഞ്ചായത്തിനനുകൂലമായി വിധികൾ സമ്പാദിക്കാനും അവ യഥാസമയം നടത്തിയെടുക്കാനും വിധി അനുകൂലമല്ലാത്ത സാഹചര്യങ്ങളിൽ സമയപരിധിക്കുള്ളിൽ അപ്പീൽ സമർപ്പിക്കുവാനും പ്രസ്തുത രജിസ്റ്ററിലെ സമഗ്രമായ രേഖപ്പെടുത്തലുകൾ അനിവാര്യമാണ്. കുറ്റമറ്റ രീതിയിൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ രജിസ്റ്ററിൽ എഴുതി സൂക്ഷിയ്ക്കുന്നതിലെ അപാകത നിമിത്തം വക്കീൽ ഫീസ് ഇനത്തിൽ ചെലവഴിയ്ക്കുന്ന തുകയുടെകൃത്യതയും വ്യക്തമല്ല. സ്യൂട്ട് രജിസ്റ്റർ കൃത്യമായും കാലികമായും സൂക്ഷിക്കേണ്ടതാണ്.

**1-22 സമഗ്ര ശിക്ഷ കേരള എസ്.എസ്.എ.ക്ക് വിഹിതം നൽകൽ - പദ്ധതി ആസൂത്രണത്തിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതു സംബന്ധിച്ച്**

| | |
|---|---|
| പ്രോജക്ട് നം. | 103/21 |
| അടങ്കൽ | 7,00,000 |
| ഫണ്ട് | വികസനം (പൊതു) |
| ചെലവ് | 7,00,000/- |
| ബിൽ നം. തീ. | 2/13/05/202 |

ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിലെ വിവിധ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് എസ്.എസ്.കെ .ക്ക് മേൽ തുക കൈമാറിയിട്ടുണ്ട്. സ.ഉ.(കൈ) നം.11/2018ത.സ്വ.ഭ.വ. തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.07.6-3 ൽ ഗ്രാമപഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.എ പ്രോജക്ടുകൾക്ക് വകയിരുത്തണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. മാത്രമല്ല ഈ പ്രോജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിച്ചതായി വ്യക്തമല്ല. മാത്രമല്ല ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയോ, വർക്കിംഗ് ഗ്രൂപ്പോ പദ്ധതി

നിർവ്വഹണത്തിൽ ഇടപെടലുകൾ നടത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ഏതൊക്കെ സ്കൂളുകൾക്കായാണ് തുക നൽകിയത്, പദ്ധതിയുമായി ബന്ധപ്പെട്ട വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, വിശദമായ വിനിയോഗ സർട്ടിഫിക്കറ്റ്, പൂർത്തീകരണ സാക്ഷ്യ പത്രം എന്നിവ പരിശോധയ്ക്ക് ഹാജരാക്കേണ്ടതാണ്. മേൽ സൂചിത രേഖകൾ ലഭ്യമാക്കുന്നതുവരെ ടി പ്രോജക്റ്റിനായി ചെലവഴിച്ച 700000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-23 പുഴ,പുറമ്പോക്ക് സംബന്ധിച്ച രേഖകൾ തയ്യാറാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994) സെക്ഷൻ 218 ൽ പ്രതിപാദിച്ചിരിക്കുന്ന മറ്റ് കാര്യങ്ങൾക്കൊപ്പംഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതിമുതൽ എല്ലാ ജലമാർഗ്ഗങ്ങളും (പഞ്ചായത്ത് പ്രദേശത്തും മറ്റ് പ്രദേശങ്ങളിലും കൂടി ഒഴുകുന്നതും സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിർദ്ദേശിക്കാവുന്നതുമായ നദികളൊഴികെയുള്ളത്) നദികളുടെ തീരങ്ങളും തടങ്ങളും ചെറുപുഴകളും ജലസേചനത്തിനും ഡ്രെയിനേജിനുമുള്ള ചാലുകളും, തോടുകളും, തടാകങ്ങളും കായലുകളും ജലമാർഗ്ഗങ്ങളും കെട്ടിനില്ക്കുന്നതും ഒഴുകിപ്പോകുന്നതുമായ എല്ലാ ജലവും നീരുറവകളും ജലസംഭരണികളും കുളങ്ങളും നീർത്തടങ്ങളും ജലധാരകളും കിണറുകളും കാപ്പുകളും ചാലുകകളും, സ്റ്റാൻഡ് പൈപ്പുകളും മറ്റ് ജലസംഭരണികളും അവയോട് ചേർന്ന് കിടക്കുന്ന സ്വകാര്യ വസ്തുവല്ലാത്ത തൊട്ടടുത്തുള്ള ഏതെങ്കിലും ഭൂമിയും ഗ്രാമ പഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്ത് പരിപൂർണ്ണമായും അതിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. മേൽ സെക്ഷന്റെ ഉപ സെക്ഷൻ 2 പ്രകാരം ഇപ്രകാരം നിക്ഷിപ്തമായ മേല്പറഞ്ഞ കാര്യങ്ങളുമായി ബന്ധപ്പെട്ട സർക്കാരിന്റെ എല്ലാ അവകാശങ്ങളും ബാധ്യതകളും ഒന്നാം ഉപവകുപ്പ് പ്രകാരം ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായിരക്കുന്നതും അപ്രകാരം നിക്ഷിപ്തമാകുന്ന തീയതി മുതൽക്ക് അവ ഗ്രാമപഞ്ചായത്തിന്റെ അവകാശങ്ങളും ബാധ്യതകളുമായി തീരുന്നതുമാണ്. മേൽ പരാമർശിച്ച നിയമവ്യവസ്ഥകളും തുടർന്നുള്ള നിയമഭേദഗതികൾ മൂലവും സർക്കാർ ഉത്തരവുകൾ പ്രകാരവും നദീതീരവും പുറമ്പോക്കും സംരക്ഷിക്കുന്നതിന് നിയമപ്രകാരം റവന്യൂ വകുപ്പിലും പഞ്ചായത്തിലും നിക്ഷിപ്തമായ ചുമതല നിർവഹിക്കുന്നതിന്റെ ഭാഗമായി പുറമ്പോക്ക് സംബന്ധമായ വിവരങ്ങൾ റവന്യൂ/സർവ്വേ വകുപ്പിന്റെ സഹായത്തോടെ കണ്ടെത്തിയ രേഖകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

1-24 തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം നടപ്പിലാക്കിയിട്ടില്ല - വൈദ്യുതി ചാർജിനത്തിൽ അധിക ചെലവുണ്ടാകുന്നു

ഗ്രാമപഞ്ചായത്ത് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 2019-20,2020-21 സാമ്പത്തിക വർഷങ്ങളിൽ -1061724/-,1016302/-രൂപ വീതം കെ.എസ്.ഇ.ബിയിൽ അടവാക്കിയിട്ടുണ്ട്. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് കെ.എസ്.ഇ.ബി.യിൽ നിന്നും ലഭിച്ച ഡിമാന്റ് പ്രകാരമാണ് ഒടുക്കിയിട്ടുള്ളത്. തെരുവ് വിളക്കുകൾക്ക് മീറ്റർ സമ്പ്രദായം ഏർപ്പെടുത്തുകയോ കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയോ ചെയ്തിട്ടില്ല. ഇക്കാരണത്താൽ യഥാർത്ഥത്തിൽ പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന വിളക്കുകൾക്ക് തന്നെയാണോ തുക ഒടുക്കുന്നത് എന്നത് ഉറപ്പുവരുത്താൻ കഴിയുന്നില്ല.

എൽ.റ്റി 8(എ), എൽ.റ്റി 8 (ബി) പ്രകാരം തുക ഈടാക്കുമ്പോൾ ചുവടെ പറയുന്ന വ്യത്യാസമുണ്ടാകുന്നു.

| എൽ.റ്റി 8 (എ) | എൽ.റ്റി 8 (ബി) |
|---|---|
| 12 മണിക്കൂർ ഉപയോഗിച്ചില്ലെങ്കിലും തുക ഒടുക്കേണ്ടി വരുന്നു | ഉപയോഗത്തിനനുസരിച്ച് മാത്രമേ ചാർജ്ജ് ഈടാക്കൂ. |
| ഉപകരണങ്ങൾ പ്രവർത്തന രഹിതമായാലും തുക | പ്രവർത്തിക്കുന്നവയ്ക്കു മാത്രമേ ചാർജ്ജ് |

| | |
|---|---|
| ഒടുക്കേണ്ടിവരുന്നു | ഈടാക്കു |
| അറ്റകുറ്റപ്പണിയോ മറ്റേതെങ്കിലും കാരണത്താലോ വൈദ്യുതി ബന്ധം തകരാറിലായാലോ പോലും ചാർജ്ജ് ഒടുക്കേണ്ടിവരുന്നു | ഉപയോഗത്തിൽ കുറവ് വരുന്നതിനാൽ ചാർജ്ജ് ഇടാക്കുന്നില്ല |

അയർക്കുന്നം ഗ്രാമപഞ്ചായത്തിൽ നിലവിൽ മീറ്ററിംഗ് സംവിധാനം പൂർണ്ണമായി ഏർപ്പെടുത്തുന്നതിനു വേണ്ടി തുക ഡെപ്പോസിററ് ചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് നൽകിയ മറുപടിയിൽ നാളിതുവരെ മീറ്റർ ഘടിപ്പിയ്ക്കുന്നതിനു നടപടി സ്വീകരിച്ചിട്ടില്ല എന്നാണ് വ്യക്തമാക്കിയത്. ആയതിനായി അടിയന്തിര നടപടികൾ സ്വീകരിയ്ക്കാൻ താൽപര്യപ്പെടുന്നു.

## 1-25 പെൺ സുരക്ഷാ പദ്ധതി - മാതൃകാപരം

പഞ്ചായത്തിലെ പെൺകുട്ടികൾ സുരക്ഷിതർ ആണെന്ന് തെളിയിക്കുകയാണ് ഓഡിറ്റുവർഷങ്ങളിൽ ഹെഡ്മിസ്ട്രസ് നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പെൺകുട്ടികൾക്ക് കരാട്ടെ പരിശീലനം .ആദ്യവർഷം നടത്തിയ പരിശീലനം കഴിയാറായപ്പോൾ തന്നെ പെൺകുട്ടികൾ മുന്നോട്ട് വന്നു കരാട്ടെ പരിശീലനത്തിന് മുൻകൈയെടുത്തതിനാലാണ് പ്രോജക്റ്റ് സ്പിൽ ഓവർ ആക്കിയത്. പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ നിന്നായി 150പെൺകുട്ടികൾക്ക് പരിശീലനം നൽകി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. വിവിധ സ്കൂളുകളിൽ നിന്നുള്ള കുട്ടികൾക്ക് യൂണിഫോമിനുള്ള തുകയും പരിശീലകർക്ക് ഫീസും നൽകുന്നത് പഞ്ചായത്തിലെ പ്രോജക്റ്റ് പ്രകാരമാണ്. പഞ്ചായത്തിലെ വിവിധ സ്കൂളുകൾ കേന്ദ്രീകരിച്ചാണ് പരിശീലനം നടത്തി വന്നിരുന്നത്. കോവിഡിന്റെ സാഹചര്യത്തിൽ ഇത്തവണ വിവിധ സ്കൂളുകൾ വഴി അറിയിപ്പു നൽകി ഓൺ ലൈനിലൂടെ പരിശീലനം തുടർന്നു വരുന്നു.

## 1-26 ആവശ്യകത നിർണ്ണയിക്കാതെ തെരുവുവിളക്കുകൾ/ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - വിശദീകരണം ലഭ്യമാക്കിയിട്ടില്ല

2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ തെരുവുവിളക്കുകളുടെ പരിപാലനം/സ്ഥാപിയ്ക്കൽ എന്നീ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്റ്റ് നമ്പർ, പേര് | തുക |
|---|---|---|
| 2019-20 | 11/20 തെരുവുവിളക്കുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ, സ്ഥാപിക്കൽ, പരിപാലനം | 391705 /- (Own Fund) |
| 2019-20 | 266/20 തെരുവുവിളക്കുകളും അനുബന്ധ ഉപകരണങ്ങളും പരിപാലനം | 39098/- (CFC) |
| 2019-20 | 273/20 തെരുവുവിളക്കുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ, സ്ഥാപിക്കൽ, പരിപാലനം | 30821/- (CFC) |
| 2020-21 | 241/21തെരുവുവിളക്കുകളും അനുബന്ധ ഉപകരണങ്ങളും പരിപാലനം | 158000/- (CFC) |

| | | |
|---|---|---|
| 2020-21 | 242/21 തെരുവുവിളക്കുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ, സ്ഥാപിക്കൽ, പരിപാലനം | 60000/- (CFC) |

മേൽ സൂചിത പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തിലെ തെരുവുവിളക്കുകളുടെ വാർഡ് തിരിച്ചുള്ള പട്ടിക, കൺസ്യൂമർ നമ്പർ, സപ്ളൈ ഏരിയ, വാർഡുകളിലെ ബൾബുകൾ/റ്റ്യൂബ് ലൈറ്റുകൾ/ ഫ്ളൂറസെന്റ് ലാമ്പുകൾ/ സോഡിയം വേപ്പർ ലാമ്പുകൾ എന്നിവയുടെ എണ്ണം, താരീഫ് നിരക്ക് എന്നിവയുടെ വിശദാംശങ്ങൾ സൂചിപ്പിക്കുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

2. തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണിയ്ക്കായി തുടർനടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ സൂചിപ്പിക്കുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

3. വാർഡുമെമ്പർമാർ പ്രസ്തുത ഉപകരണങ്ങൾ ഘടിപ്പിച്ചിട്ടുണ്ട് എന്ന് സമർപ്പിച്ചിട്ടുള്ള രേഖകൾ അപൂർണ്ണവും അവ്യക്തവുമാണ്.

4. വിവിധ പ്രോജക്ടുകൾക്കായി സ്ട്രീറ്റ് ലൈറ്റ് അനുബന്ധ ഉപകരണങ്ങൾ വാങ്ങിയ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിൽ ഫിറ്റ് ചെയ്തതിനുശേഷം അവശേഷിയ്ക്കുന്നവയുടെ എണ്ണവും രജിസ്റ്ററുമായി കൃത്യമാക്കേണ്ടതാണ്.

5. ആവശ്യകത നിർണ്ണയിക്കാതെ എല്ലാ സാമ്പത്തികവർഷവും തെരുവുവിളക്കുകൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി പഞ്ചായത്ത് പ്രോജക്ടുകൾ തയ്യാറാക്കുന്നുണ്ട്. മുൻവർഷങ്ങളിൽ വാങ്ങിയ ഉപകരങ്ങൾ പ്രയോജനപ്പെടുത്താത്തതിനാൽ ആയവ ഉപയോഗശൂന്യമായിട്ടുണ്ടെങ്കിൽ അതും വ്യക്തമാക്കേണ്ടതാണ്.

മേൽ സൂചിതകാരണങ്ങളാൽ ടി പ്രോജക്ടുകളിലായി ചെലവഴിച്ച 679624 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇരുപത് വാർഡുകളുള്ള ഗ്രാമ പഞ്ചായത്തിൽ വാർഡ് തിരിച്ചുള്ള ഇലക്ട്രിക് പോസ്റ്റ്, അവയിൽ ലൈറ്റുകൾ ഇനം തിരിച്ച്, റീപ്ലേസ് ചെയ്യുന്നവ, ഉപയോഗശൂന്യമായവ എന്ന രീതിയിൽ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## 1-27 വാട്ടർ ടാപ്പുകൾ സംബന്ധിച്ച കൃത്യമായകണക്കുകൾ ലഭ്യമല്ല

വാട്ടർചാർജിനത്തിൽ ഓരോ മാസവും എഴുപതിനായിരത്തോളം രൂപ കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കുന്നുണ്ട്. ചില മാസങ്ങളിലെ വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 165 ടാപ്പുകളും ചിലമാസങ്ങളിൽ 177 ടാപ്പുകളുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പഞ്ചായത്ത് കമ്മിറ്റിയുടെ 30.08.2018 ലെ 7/1 അജണ്ട പ്രകാരം കേരള വാട്ടർ അതോറിറ്റിയുമായി ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി വാട്ടർ ടാപ്പുകളുടെ കൃത്യത ഉറപ്പുവരുത്തുന്നതിന് തീരുമാനിച്ചിരുന്നു.എന്നാൽ നാളിതുവരെ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തിയതായി ബോധ്യപ്പെട്ടിട്ടില്ല.

ജി.ഒ(ആർ.ടി)നം.1801/2006തസ്വഭവ/23.6.2006 മാർഗ്ഗരേഖയിൽ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനവും വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ മാത്രം വെള്ളക്കരം ഒടുക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടാപ്പുകൾ പ്രവർത്തനക്ഷമമല്ലാതായ കാലയളവു മുതൽ നാളിതുവരെ ഇപ്രകാരം പഞ്ചായത്ത് ഫണ്ടിൽ നിന്നും പാഴ്ച്ചെലവ് ഉണ്ടായിട്ടുണ്ട്. ഇത്തരത്തിൽ നഷ്ടം ഉണ്ടാകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടും അധികൃതർ യഥാസമയം ഫലപ്രദമായ നടപടികൾ സ്വീകരിച്ചില്ല. ആയതിനാൽ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധനയിലൂടെ എത്രയും വേഗം തിട്ടപ്പെടുത്തി പഞ്ചായത്ത് ഫണ്ടിൽ നിന്നും ഉണ്ടാകുന്ന പാഴ്ച്ചെലവ് ഒഴിവാക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വാട്ടർ ടാപ്പുകൾ തെരുവ് വിളക്കുകൾ എന്നിവ സംബന്ധിച്ച് അതാത് ഏജൻസികളുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി കൃത്യമായ വിവരശേഖരണം നടത്തുകയും രജിസ്റ്ററുകൾ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്

1-28 ജെൻഡർ റിസോഴ്സ് സെന്റർ -ഷീ ടോയ് ലെറ്റ് നിർമ്മാണം പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല

പതിമൂന്നാം പഞ്ചവത്സരപദ്ധതി സ.ഉ11/2018 തീ. 29.01.2018 ഖണ്ഡിക7-4-1 പ്രകാരം സ്ത്രീകളുടെ സാമൂഹിക പദവി പഠനം പൂർത്തിയാക്കാത്ത തദ്ദേശഭരണസ്ഥാപനങ്ങളിൽ അത് പൂർത്തിയാക്കുകയും പൂർത്തിയാക്കിയ തദ്ദേശഭരണസ്ഥാപനങ്ങളിൽ അത് കാലാനുസൃതമാക്കുന്നതിനും ഓരോ തദ്ദേശഭരണസ്ഥാപനത്തിന്റെയും വരും വർഷങ്ങളിലെ വനിതാ ഘടകപദ്ധതി യുക്തി ഭദ്രമായ അടിത്തറയിൽ തയ്യാറാക്കുകയും പ്രദേശത്തെ സ്ത്രീകളുടെ സാമൂഹ്യപദവി ഉയർത്തുന്നതിനുമായിട്ടായിരുന്നു ജെൻഡർ റിസോഴ്സ് സെന്റർ പഞ്ചായത്തിൽ സ്ഥാപിച്ചത്. ഗ്രാമപഞ്ചാത്ത് കെട്ടിടത്തിന്റെ മുൻഭാഗത്തായിരുന്നു പ്രവർത്തനത്തിനായി തെരഞ്ഞെടുത്ത മുറി സ്ഥിതിചെയ്യുന്നത്. എന്നാൽ കറന്റ് കണക്ഷൻ ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നാലു ലക്ഷത്തോളം രൂപ ചെലവഴിച്ച് മൂന്ന് ഷീ ടോയ് ലെറ്റും നിർമ്മിച്ചിട്ടുണ്ട്. അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ജെൻഡർ റിസോഴ്സ് സെന്റർ പ്രവർത്തനസജ്ജമാക്കുന്നതിനായിഫാൻ, ഫർണിച്ചർ എന്നിവ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. എന്നാൽ നാളിതുവരെ സെന്റർ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ അധികൃതർ സ്വീകരിച്ചിട്ടില്ല. ഓഡിറ്റുവേളയിൽ നടത്തിയ ഭൗതിക പരിശോധനയിൽ ഫർണിച്ചറുകൾ വലിച്ചുവാരിയിട്ടിരിക്കുന്നതായും, വെസ്സൽ ബാങ്ക് എന്ന പ്രോജക്ടിനായി വാങ്ങിയ വെസ്സലുകൾ കൂട്ടിയിട്ടിരിയ്ക്കുന്നയായും , കമ്പോസ്റ്റ് ബിൻ പ്രോജക്ടിനായി വാങ്ങിയ കമ്പോസ്റ്റുകൾ ഗുണഭോക്താക്കൾക്ക് നൽകാതെ സൂക്ഷിച്ചിരിയ്ക്കുന്നതായും ശ്രദ്ധയിൽപ്പെട്ടു. സർക്കാർ ഉത്തരവു പ്രകാരം നിർമ്മിച്ച ജെൻഡർ റിസോഴ്സ് സെന്റർ പ്രവർത്തനസജ്ജമാക്കുന്നതുവരെ പ്രോജക്ട് പൂർത്തീകരണത്തിനായി വാങ്ങിയ ഫർണിച്ചറുകളുടെയും അനുബന്ധഉപകരണങ്ങളുടെയും വിലയായ 2400രൂപ(239/21നമ്പർ പ്രോജക്ടുപ്രകാരം ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-29 ആസ്തിയിൽപ്പെടാത്ത പകൽവീടിനായി ഫർണിച്ചർ വാങ്ങി -പകൽവീട് നാളിതുവരെ പ്രവർത്തന ക്ഷമമാക്കിയിട്ടില്ല

കോട്ടയം ജില്ലാപഞ്ചായത്തിന്റെ പ്രോജക്ടിൽ ഉൾപ്പെടുത്തിയായിരുന്നു പകൽവീട് നിർമ്മിച്ചിരുന്നത്. 12.06.2019-ലെ കമ്മറ്റിയിൽ പകൽവീട് ആസ്തിയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിരുന്നു. 2018-19 സാമ്പത്തിക വർഷം പ്രോജക്ട് നം.195/19പ്രകാരം വികസന ഫണ്ടിൽ നിന്നും 74,200 രൂപ ചെലവഴിച്ച് പകൽവീടിനായി ഫർണ്ണീച്ചർ വാങ്ങിയിട്ടുണ്ട്. കറന്റ് ചാർജ്ജ് ഇനത്തിലും ചെലവു ഉണ്ടാകുന്നുണ്ട്. എന്നാൽ നാളിതുവരെ പകൽവീടും അത് ഉൾപ്പെടുന്ന ഭൂമിയും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ഫർണിച്ചർ എവിടെയാണ് സൂക്ഷിച്ചിരിയ്ക്കുന്നതെന്നും വ്യക്തമാക്കിയിട്ടില്ല. കൃത്യമായ ആവശ്യം നിർണ്ണയിക്കാതെ ഉപകരണങ്ങൾ വാങ്ങുന്നത് ക്രമപ്രകാരമല്ല.

1-30 ടാപ്പുഴ കുടിവെള്ള പദ്ധതി-പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ-നിക്ഷേപ പ്രവൃത്തി വ്യത്യസ്ത തലങ്ങളിൽ ഏകോപനമില്ലാതെ ഏറ്റെടുക്കുന്നു

അയർക്കുന്നം ഡിവിഷനിലെ ടാപ്പുഴ കുടിവെള്ള പദ്ധതിയുടെ പൈപ്പ്ലൈൻ എക്സ്റ്റൻഷനായി അയർക്കുന്നം ഗ്രാമപഞ്ചായത്തും, കോട്ടയം ജില്ലാ പഞ്ചായത്തും ചുവടെ ചേർക്കും പ്രകാരം കേരളാ വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നം./ പേര് | തുക നിക്ഷേപിച്ച സ്ഥാപനം | നിർവ്വഹണ ഉദ്യോഗസ്ഥൻ | ചെലവ് | ബിൽ നം./ വൗച്ചർ നം. |
|---|---|---|---|---|---|
| 1 | 1422/19 ടാപ്പുഴ കുടിവെള്ള | കോട്ടയം ജില്ലാ പഞ്ചായത്ത് | സെക്രട്ടറി | 8,00,000 (പദ്ധതി വിഹിതം) | 108/19 20.3.2019 |

| | | | | | |
|---|---|---|---|---|---|
| | പദ്ധതി അയർക്കുന്നം പഞ്ചായത്ത് വാർഡ് IXപൈപ്പ്ലൈൻ നീട്ടൽ | | | | |
| 2 | 1454/19 വാർഡ് 2, 3, 6, 14ൽ ടാപ്പ്ഴ കുടിവെള്ള പദ്ധതി പൈപ്പ്ലൈൻ നീട്ടൽ | കോട്ടയം ജില്ലാ പഞ്ചായത്ത് | സെക്രട്ടറി | 10,00,000 (പദ്ധതി വിഹിതം) | 112/19 20.3.19 |
| 3 | 23/19, പഞ്ചായത്തിലെ വാർഡ് 1, 3-11, 13-18, 20 വാർഡുകളിൽ ടാപ്പ്ഴ കുടിവെള്ള പദ്ധതിയുടെ പൈപ്പ്ലൈൻ നീട്ടൽ | അയർക്കുന്നം ഗ്രാമപഞ്ചായത്ത് | സെക്രട്ടറി | 4,40,000 (പദ്ധതി വിഹിതം) 5,10,000 (തനതുഫണ്ട്) | 22/28.12.18 903373/ 8.3.19 |
| 4 | 145/20 പഞ്ചായത്തിലെ വാർഡ് 1,6 വാർഡുകളിൽ ടാപ്പ്ഴ കുടിവെള്ള പദ്ധതിയുടെ പൈപ്പ്ലൈൻ നീട്ടൽ | അയർക്കുന്നം ഗ്രാമപഞ്ചായത്ത് | സെക്രട്ടറി | 4,60,000 (പദ്ധതി വിഹിതം) | 19/20 26.08.2020 |
| 5 | 82/21 പഞ്ചായത്തിലെ വാർഡ് 1,6 വാർഡുകളിൽ ടാപ്പ്ഴ കുടിവെള്ള പദ്ധതിയുടെ പൈപ്പ്ലൈൻ നീട്ടൽ | അയർക്കുന്നം ഗ്രാമപഞ്ചായത്ത് | സെക്രട്ടറി | 360000(പദ്ധതി വിഹിതം) | 13/21 19.03.21 |

കോട്ടയം ജില്ലാ പഞ്ചായത്തും അയർക്കുന്നം ഗ്രാമപഞ്ചായത്തും ചേർന്ന് അതാത് തലങ്ങളിലെ പ്രോജക്ടുകൾ പ്രകാരം 27.5 ലക്ഷം രൂപ നിക്ഷേപിച്ചിരുന്നുവെങ്കിലും പ്രവൃത്തിയുടെ പ്രാരംഭനടപടികൾ മാത്രമെ ആരംഭിച്ചിട്ടുള്ളൂവെന്ന് അയർക്കുന്നം ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ 7.03.2020ൽ നടത്തിയ ഭൗതിക പരിശോധനയിൽ വ്യക്തമായിട്ടുണ്ട് (ജില്ലാ പഞ്ചായത്തിന്റെ ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥലപരിശോധന). ജില്ലാ പഞ്ചായത്തിന്റെ 1454/19 നമ്പർ പ്രോജക്ട് പ്രകാരം അയർക്കുന്നം പഞ്ചായത്തിന്റെ 9-ാം വാർഡിൽ പുളിയമ്മാക്കൽ-പൊടിമറ്റം ഭാഗത്താണ്

പൈപ്പ്ലൈൻ എക്സ്റ്റൻഷനായി തുക നിക്ഷേപിച്ചിരുന്നത്. എന്നാൽ അയർക്കുന്നം പഞ്ചായത്തിലും പുളിയമ്മാക്കൽ-വാരിക്കാട് ഭാഗത്ത് പൈപ്പ്ലൈൻ എക്സ്റ്റൻഷനായി തുക നിക്ഷേപിച്ചിരിക്കുന്നു. ജില്ലാ പഞ്ചായത്തിന്റെ പ്രോജക്ടിന്റെ ഭാഗമായ എസ്റ്റിമേറ്റിൽ (8,00,000/- രൂപയുടെ എസ്റ്റിമേറ്റ്) ഈ ഭാഗം കൂടി ഉൾപ്പെട്ടിരുന്നോ എന്നതിൽ വ്യക്തതയില്ല.

ജില്ലാ പഞ്ചായത്തിന്റെ 1422-ാം നമ്പർ പ്രോജക്ടിലും അയർക്കുന്നം പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ പ്രോജക്ടിലും ചാരത്തുപടി മരുളർ റോഡിൽ പൈപ്പ്ലൈൻ എക്സ്റ്റൻഷനായി തുക നിക്ഷേപിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ചവ കൂടാതെ 2019-20 സാമ്പത്തികവർഷത്തേയ്ക്കും 145/20 നമ്പർ പ്രോജക്ട് തയ്യാറാക്കി (4.6 ലക്ഷം രൂപ) എസ്റ്റിമേറ്റ് റിപ്പോർട്ട് നൽകുന്നതിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.ഡബ്ല്യു.എ.യ്ക്ക് കത്ത് നൽകിയിട്ടുണ്ട് (കത്ത് നം.എ3-8893/17 തീയതി 6.08.2019). അയർക്കുന്നം പഞ്ചായത്തിന്റെ പല വാർഡുകളിലും ഗ്രാമപഞ്ചായത്ത് അധികൃതരുമായി കൂടിയാലോചിക്കാതെ അനധികൃതമായി ജില്ലാ പഞ്ചായത്തിന്റെ പ്രോജക്ട് പ്രകാരം പൈപ്പ്ലൈൻ എക്സ്റ്റൻഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചത് ഉചിതമല്ലായെന്ന് ചൂണ്ടിക്കാട്ടി പഞ്ചായത്ത് മെമ്പർ ശ്രീമതി ആനി ജെയിംസ് പരാതി നൽകിയതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പഞ്ചായത്തുകളിലെ പല വാർഡുകളും വേനൽക്കാലത്ത് ശുദ്ധജലക്ഷാമം തീവ്രമായി അനുഭവപ്പെടുന്നവയാണ് എന്ന് അറിയുന്നു. ജില്ലാ പഞ്ചായത്തും ഗ്രാമപഞ്ചായത്തും ഏകോപനമില്ലാതെ പ്രത്യേകം പ്രോജക്ടുകൾ തയ്യാറാക്കി വൻതുക നിക്ഷേപിച്ചെങ്കിലും നാളിതുവരെ പ്രവൃത്തിയുടെ പ്രാരംഭനടപടികൾ മാത്രമേ ആരംഭിച്ചിട്ടുള്ളൂ. വാർഡുകളിലെ ഒരേ പ്രദേശങ്ങളിലെ പൈപ്പ്ലൈൻ എക്സ്റ്റൻഷന് വേണ്ടി ജില്ലാ പഞ്ചായത്തും, ഗ്രാമപഞ്ചായത്തും തുക നിക്ഷേപിച്ച സാഹചര്യം ത്രിതല പഞ്ചായത്ത് സംവിധാനങ്ങളിലെ വിവിധ തലങ്ങളിലുള്ള ഏകോപനമില്ലായ്മ വെളിപ്പെടുത്തുന്നു. ശരിയായ പ്രക്രിയയിലൂടെ ഉരുത്തിരിഞ്ഞതും ജനകീയ ആവശ്യങ്ങൾ പരിഗണിച്ചുള്ളതുമായ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള പ്രോജക്ട് ഏതെങ്കിലും ഒരു തലത്തിലൂടെ സംയോജിത പ്രോജക്ടായി ഏറ്റെടുത്തെങ്കിൽ മാത്രമേ കൃത്യമായ ഏകോപനവും മോണിറ്ററിംഗും സാദ്ധ്യമാവൂ. ഇതിന് വിരുദ്ധമായി ഓരോ തലത്തിലും വ്യത്യസ്തമായ പ്രോജക്ടുകൾ സമാന്തരമായി ഏറ്റെടുത്ത് തുക നിക്ഷേപിക്കുകയും നിക്ഷേപിച്ച തുകയ്ക്ക് അനുസൃതമായ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കാതിരിക്കുകയും ചെയ്യുന്ന അവസ്ഥ ആശാസ്യമല്ല. മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. മേൽ പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് കെഡബ്ല്യുഎയുമായി ഏർപ്പെട്ടിട്ടുള്ള 29.03.2019ലെ കരാർ പ്രകാരം പൂർത്തീകരണ കാലാവധി 3 മാസമാണെങ്കിലും പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് കെ.ഡബ്ല്യു.എ.യ്ക്ക് കത്ത് നൽകിയത് 01/2020ൽ മാത്രമാണ്.
2. മേൽ പ്രോജക്ട് പ്രകാരം എത്ര കി.മീ.നീളത്തിലാണ് പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ നടത്തിയതെന്നും എത്ര ഗുണഭോക്താക്കൾക്കാണ് പുതിയതായി ഗാർഹിക വാട്ടർ കണക്ഷൻ നൽകിയതെന്നും വ്യക്തമല്ല.

ഇത്തരം പ്രവണതകൾ വികസനഫണ്ടിന്റെ പാഴ്ചെലവിനും പദ്ധതി പ്രവർത്തനങ്ങളുടെ പരാജയത്തിനും ഇടയാക്കുമെന്നതിനാൽ മേൽ അപാകതകൾ ആവശ്യമായ വിശദീകരണത്തിനും പരിഹാര നടപടികൾക്കുമായി ശ്രദ്ധയിൽപ്പെടുത്തുന്നു.

<u>1-31 സമ്പൂർണ ഭവന പദ്ധതി വായ്പ-പഞ്ചായത്തിൽ രേഖകളില്ലാതെ 46.85 ലക്ഷം രൂപയുടെ ബാധ്യത നിലനിൽക്കുന്നു</u>

പഞ്ചായത്തിന്റെ സമ്പൂർണ്ണ ഭവന പദ്ധതി വായ്പയുടെ തിരിച്ചടയ്ക്കാനവശേഷിക്കുന്ന തുകയിൽ വാർഷിക കണക്കുകളിൽ നിന്നും അധികമായി 46.85 ലക്ഷം രൂപ ബാധ്യത നിലനിൽക്കുന്നതായി വായ്പ അക്കൗണ്ട് പത്രികയിൽ (Loan Account Scroll) കാണുന്നു. ഓരോ സാമ്പത്തിക വർഷവും അക്കൗണ്ടന്റ് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ട വായ്പ രജിസ്റ്റർ പഞ്ചായത്തിൽ

സൂക്ഷിച്ചിട്ടില്ല. 2019-20, 2020-21 വർഷങ്ങളിൽ വായ്പ മുതൽ തുക ബാധ്യത-തിരിച്ചടവിന്റെ വിശദാംശം വാർഷിക കണക്കും ബാങ്ക് സ്റ്റേറ്റ്മെന്റും തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

| ഇനം | വാർഷിക കണക്ക് | ബാങ്ക് സ്റ്റേറ്റ്മെന്റ് | വ്യത്യാസം |
|---|---|---|---|
| 01/04/2019 മുന്നിരിപ്പ് | 7,420,000/- | 12,105,000/- | 4,685,000/- |
| 2019-20 തിരിച്ചടവ് | 1,000,000/- | 1,000,000/- | - |
| 01/04/2020 മുന്നിരിപ്പ് | 6,420,000/- | 11,105,000/- | 4,685,000/- |
| 2020-21 തിരിച്ചടവ് | 1,000,000/- | 1,000,000/- | - |
| 31/03/2021 നീക്കിയിരിപ്പ് | 5,420,000/- | 10,105,000/- | 4,685,000/- |

കൃത്യമായ രജിസ്റ്ററും കണക്കുകളും സൂക്ഷിക്കാതെയാണ് സമ്പൂർണ്ണ ഭവന പദ്ധതി വായ്പ തിരിച്ചടവും പലിശ തിരിച്ചടവും നടത്തി വരുന്നത്. പലിശയിനത്തിൽ 2019-20 വർഷം 1,364,197/- രൂപയും 2020-21 വർഷം 1,231,011/- രൂപയും അടവാക്കിയതായി വായ്പ അക്കൗണ്ട് സ്റ്റേറ്റ്മെന്റിൽ കാണുന്നു. സ്റ്റേറ്റ്മെന്റ് പ്രകാരം വായ്പയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ബാങ്ക് | Ayarkunnam Service Co-Operative Bank Ltd No.4147 |
| വായ്പ അക്കൗണ്ട് | 1/15 |
| വായ്പ തീയതി | 19/09/2015 |
| കാലാവധി | 19/09/2025 |
| പലിശ നിരക്ക് | 12% |
| ആകെ വായ്പ(19/09/2015-31/03/2021) | 23,205,000/- |

കൃത്യമായ രജിസ്റ്ററിന്റെയും അനുബന്ധ രേഖകളുടെയും അഭാവത്തിൽ വായ്പയായെടുത്ത 2.32 കോടിയിലധികം രൂപ പഞ്ചായത്ത് വിനിമയം നടത്തിയത്തിയതിന്റെ ആധികാരികത വ്യക്തമല്ല. വായ്പ സംബന്ധിച്ച വാർഷിക കണക്കുകളിൽ 46.85 ലക്ഷം രൂപയുടെ വ്യത്യാസം നിലനിൽക്കുന്നതും വായ്പ തുക വിനിമയത്തിലെ ക്രമക്കേടും അക്കൗണ്ടിങ്ങിലെ അപാകതയും വ്യക്തമാക്കുന്നു. ബാങ്ക് സ്റ്റേറ്റ്മെന്റിലെയും വാർഷികകണക്കിലെയും തുകയും വ്യത്യാസത്തിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ കുറ്റാന്വേഷണക്കുറിപ്പിന് (18/28.09.2021) വായ്പാ രജിസ്റ്റർ പൂർത്തിയാക്കി തുക ക്രമീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചു.

വായ്പ രജിസ്റ്റർ അപൂർണ്ണമാണെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. സമ്പൂർണ്ണ ഭവന പദ്ധതി വായ്പ എടുത്ത 19/09/2015 മുതലുള്ള മുഴുവൻ വരവ്, തിരിച്ചടവ്, പലിശ കണക്കുകൾ ഉൾപ്പെടുത്തി വായ്പ രജിസ്റ്റർ തയ്യാറാക്കി ഓരോ വർഷത്തെയും കണക്കുകൾ സാക്ഷ്യപ്പെടുത്തേണ്ടതാണ്. മുതൽ, പലിശ തുകകൾ പ്രോജക്ട് ആവിഷ്കരിച്ച് അടവാക്കുമ്പോൾ അവയുടെ പ്രോജക്ട് നം. വൗച്ചർനം. തുടങ്ങിയ എല്ലാ വിശദാംശങ്ങളും വായ്പ രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. വാർഷിക കണക്കുകളിലെ അപാകത പരിഹരിച്ചതിൻ പ്രകാരം ലോൺ അക്കൗണ്ട് ലഡ്ജർ(330500102), ലോൺ രജിസ്റ്ററിന്റെ പകർപ്പ് എന്നിവ മറുപടിയിൽ നൽകേണ്ടതാണ്.

## 1-32 എയറോബിക്ക് കമ്പോസ്റ്റ് പിറ്റ് നിർമ്മാണവും അനുബന്ധ സൗകര്യം ഒരുക്കലും(തുമ്പൂർമുഴി മോഡൽ)- പ്രോജക്റ്റ് ലക്ഷ്യം കൈവരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | 193/19- എയറോബിക്ക് കമ്പോസ്റ്റ് പിറ്റ് നിർമ്മാണവും അനുബന്ധ സൗകര്യം ഒരുക്കലും(തുമ്പൂർമുഴി മോഡൽ) |
| അടങ്കൽ | 1523460-ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>309040- തനത് ഫണ്ട്<br>----------<br>1832500 |
| ചെലവ് | 9,16,250-(ബിൽ നം.36/21.03.2019) |
| പ്രോജക്റ്റ് നം. | 265/20 (SO) എയറോബിക്ക് കമ്പോസ്റ്റ് പിറ്റ് നിർമ്മാണവും അനുബന്ധ സൗകര്യം ഒരുക്കലും(തുമ്പൂർമുഴി മോഡൽ) |
| അടങ്കൽ | 607210-ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 607210/-(ബിൽ നം.26/19.04.2019) |

ഗ്രാമപഞ്ചായത്ത് തലത്തിൽ മാലിന്യസംസ്കരണം സാധ്യമാക്കുന്നതിനായി തുമ്പൂർമുഴി മാതൃകയിലുള്ള എയ്റോബിക്ക് വേസ്റ്റ് ബിന്നുകൾ വിവിധ സ്ഥലങ്ങളിൽ സ്ഥാപിക്കുക എന്നതായിരുന്നു പ്രോജക്റ്റ് ലക്ഷ്യം. ഗവ. യു പി സ്കൂൾ ആറുമാനൂർ, തിരുവഞ്ചൂർ ഗവ. വൃദ്ധസദനം, അയർക്കുന്നം മാർക്കറ്റ്, അയർക്കുന്നം സി എച്ച് സി, അയർക്കുന്നം സെന്റ് ജെസഫ് സ്കൂൾ എന്നിവടങ്ങളിൽ എയ്റോബിക്ക് വേസ്റ്റ് ബിന്നുകൾ സ്ഥാപിക്കുന്നതിന്( ഡി എസ് ആർ 2016 കോസ്റ്റ് ഇൻഡക്സ് 1.4412 പ്രകാരം കോൺട്രാക്ടേഴ്സ് പ്രോഫിറ്റ്, ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടുത്തി തയ്യാറാക്കിയ എസ്റ്റിമേറ്റ്) 18,00,000 രൂപയുടെ അടങ്കലിന് ശുചിത്വ മിഷൻ അനുമതി ലഭ്യമായതനുസരിച്ച് (08.03.2018ലെ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ കത്ത്) നിർവ്വഹണം അക്രഡിറ്റഡ് എജൻസിയായ ഐ ആർ ടി സി, പാലക്കാട് എന്ന സ്ഥാപനത്തെ ഏൽപ്പിച്ചിരുന്നു. ചുവടെ ചേർക്കുന്ന അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ നിന്നും 06.02.2018ൽ ശുചിത്വ മിഷന് സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം ഒരു എയ്റോബിക് കംപോസ്റ്റ് യൂണിറ്റിന് 3,66,500 രൂപ പ്രകാരം ആകെ 18,32,500യാണ്. പ്രസ്തുത എസ്റ്റിമേറ്റ് പരിശോധിച്ച് ശുചിത്വ മിഷൻ 08.03.2018ൽ നൽകിയ സാങ്കേതിക അനുമതി 18,00,000 രൂപയാണ്. നിർവ്വഹണ ചെലവ് 18,00,000 രൂപയിൽ ആധികരിക്കുവാൻ പാടില്ലായെന്ന് നിഷ്കർഷിച്ചിട്ടുമുണ്ടായിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തിക്ക് എൽ എസ് ജി ഡി എക്സിക്യൂട്ടീവ് എൻജിനീയർ 1832500 രൂപക്കാണ് സാങ്കേതിക അനുമതി നൽകിയത്. തുടർന്ന് ഐ ആർ ടി സിയുമായി 1832500 രൂപക്കാണ് ഗ്രാമപഞ്ചായത്ത് കരാറിലേർപ്പെട്ടത്(23.02.2019ലെ കരാറിലെ വ്യവസ്ഥ നം.2). ശുച്തിവ മിഷൻ നൽകിയ സാങ്കേതിക അനുമതിയിലും അധികരിച്ച തുകക്ക് നിർവ്വഹണ ഏജൻസിയുമായി കരാറിലേർപ്പെട്ടു.

ആകെ എസ്റ്റിമേറ്റിന്റെ 50% തുക 9,16,250 രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. അക്രഡിറ്റഡ് ഏജൻസികൾ മുഖേന പ്രവൃത്തികൾ നിർവ്വഹിക്കുന്നത് സംബന്ധിച്ച മാർഗരേഖ(ജി.ഒ(പി)311/74/ ഫിൻ, 30.07.2014) പ്രാകാരം അനിവാര്യ സാഹചര്യത്തിൽ സർക്കാറിന്റെ മുൻകൂർ അനുമതിയോടെ നിർവ്വഹണ ഏജൻസിക്ക് എസ്റ്റിമേറ്റിന്റെ 20% വരെ മുൻകൂർ നൽകാമെന്നാണ്. ശുചിത്വ മിഷന്റെ സാങ്കേതിക അനുമതിയിൽ പരാമർശിച്ചിരുന്ന എല്ലാ സ്ഥലങ്ങളിലും ഇവ സ്ഥാപിച്ച് പ്രോജക്റ്റ് പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിച്ചിട്ടില്ലെന്ന് ഭൌതിക പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ആയതിനാൽ ടീയിനത്തിൽ ഓഡിറ്റ വർഷം ചെലവഴിച്ച 607,210/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-33 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ/കോൺട്രിബ്യൂഷനുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു-എ.സി.ആർ. കൃത്യമായി സൂക്ഷിച്ചിട്ടില്ല

പഞ്ചായത്തിന് ലഭിച്ച പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളിൽ മുൻവർഷങ്ങളിലുൾപ്പടെ ലഭ്യമായ ഗ്രാന്റിൽ 1.29 കോടി രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. 31/03/2021 ലെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരമുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കണക്ക് ശീർഷകം | അവശേഷിക്കുന്ന തുക (31/03/2021) | റിമാർക്ക്സ്/ഫണ്ട് വിശദാംശം |
|---|---|---|---|
| 1. | 320100115 | 3,239,444/- | സമ്പൂർണ്ണ ശുചിത്വ പരിപാടി ഫണ്ട്(TSC) |
| 2. | 320100121 | 593,388/- | ICDS ഫണ്ട് |
| 3. | 320200301 | 151,318/- | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് |
| 4. | 320200322 | 506,250/- | ശുചിത്വ മിഷൻ ഗ്രാന്റ് |
| 5. | 320300103 | 447,000/- | സമ്പൂർണ ശുചിത്വ ഫണ്ട്(Total Sanitation) |
| 6. | 320300199 | 1,400,900/- | മറ്റ് സർക്കാർ ഏജൻസി ഗ്രാന്റ് |
| 7. | 320700204 | 2,013,308/- | ബ്ലോക്ക് പഞ്ചായത്ത് വിഹിതം(റവന്യൂ ചെലവിന്) |
| 8. | 320700205 | 2,910,443/- | ജില്ല പഞ്ചായത്ത് വിഹിതം(റവന്യൂ ചെലവിന്) |
| 9. | 320700405 | 542,000/- | ജില്ല പഞ്ചായത്ത് പ്രത്യേക വിഹിതം(റവന്യൂ ചെലവിന്) |
| 10. | 320800101 | 1,048,585/- | ഗുണഭോക്തൃ വിഹിതം |
| 11. | 320900101 | 29,062/- | നിർമ്മൽ പുരസ്കാരം |
| ആകെ | | | 12,881,698/- |

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം രേഖപ്പെടുത്തുന്ന എ.സി.ആർ. ഹാജരാക്കിയത് പരിശോധിച്ചതിൻ പ്രകാരം താഴെ പറയുന്ന പ്രധാന അപാകതകൾ താഴെ വിവരിക്കുന്നു.

1. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ പ്രോജക്ടുകൾക്കായി ചെലവഴിക്കുമ്പോൾ അക്കൌണ്ടന്റ് എ.സി.ആർ. തയ്യാറാക്കി ഓരോ ചെലവും പ്രോഗ്രസീവ് ചെലവും സെക്രട്ടറി സാക്ഷ്യപ്പെടുത്തണമെന്നിരിക്കെ എ.സി.ആർ കൃത്യമായി എഴുതി ആധികാരികമാക്കാതെ ചെലവുകൾ നടത്തിയിരിക്കുന്നു. പ്രത്യേക ഗ്രാന്റുകളുടെ ചെലവുകൾ എ.സി.ആറിൽ രേഖപ്പെടുത്തി തുക, പ്രോഗ്രസീവ് ടോട്ടൽ, ബാലൻസ് എന്നിവ ഉറപ്പാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതായിരുന്നു.
2. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കുമ്പോൾ പ്രോജക്ട് നം., വൌച്ചർ നം., നിർവ്വഹണ ഉദ്യോഗസ്ഥൻ, ചെലവ് വിശദാംശം എന്നിവ എ.സി.ആറിൽ രേഖപ്പെടുത്തുന്നില്ല.
3. ജില്ല/ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ലഭിച്ച തുകകൾ പട്ടികയിലെ ക്രമ നം.7,8,9 ഏതെല്ലാം പ്രോജക്ടുകൾക്കാണ് ലഭിച്ചത് എന്നത് എ.സി.ആറിൽ ലഭ്യമല്ല.
4. പട്ടികയിലെ ക്രമ നം.10 ഗുണഭോക്തൃ വിഹിതം ഏതെല്ലാം പ്രോജക്ടുകൾക്ക് ലഭിച്ചതാണെന്നുള്ള വിശദാംശവും അവ ചെലവഴിക്കുന്നതിന്റെ വിവരവും സൂക്ഷിച്ചിട്ടില്ല.
5. ക്രമ നം.3,6 എന്നിവ ഏതിനം ഫണ്ടാണെന്ന് വ്യക്തമല്ല.

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കാതിരുന്നതിനും അവയുടെ വിനിമയം അക്കൌണ്ട് ചെയ്യുന്ന ACR കൃത്യമായി തയ്യാറാക്കി സാക്ഷ്യപ്പെടുത്താതിരുന്നതിനും മേൽപറഞ്ഞ

അപാകതകൾക്കും കൃത്യമായ വിശദീകരണം അനുബന്ധ രേഖകൾ ഉൾപ്പടെ നൽകുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.7/2020-21/22.09.2021) നൽകിയതിന് ലഭ്യമാക്കിയ വിശദീകരണം തൃപ്തികരമല്ല. ഓരോ ഗ്രാന്റുകളുടെയും എ.സി.ആർ. തയ്യാക്കി മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളും അവയുടെ പ്രോജക്ട് വിശദാംശം ഉൾപ്പടെ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്. അവശേഷിക്കുന്ന ഫണ്ടുകൾ 2021-22 വർഷം ചെലവഴിച്ച് വിശദാംശം അറിയിക്കേണ്ടതാണ്.

## 1-34 ഹോമിയോ ആശുപത്രിക്ക് 2,417/- രൂപയുടെ മരുന്നുകൾ ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്(നം.) | S0072/21-ഹോമിയോ ആശുപത്രിക്ക് മരുന്നും<br>കുപ്പികളും വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| അടങ്കൽ | 1 ലക്ഷം രൂപ മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം) |
| ചെലവ് | 1 ലക്ഷം രൂപ(Bill No.1/2020-21/17.08.2020)<br>UTR No.U000000805286940 Dated 19/08/2020 |
| പർച്ചേസ് ഓർഡർ | നം.21/2020/GHDP തീയതി 25/06/2020 |

HOMCO മാനേജിങ്ങ് ഡയറക്ടറുടെ അക്കൌണ്ടിലേക്ക് മരുന്നുവാങ്ങലിനുള്ള തുക 1 ലക്ഷം രൂപ നൽകിയതിൻ പ്രകാരം ആകെ 97,583/- രൂപയുടെ ഹോമിയോ മരുന്നുകളാണ് രണ്ട് ടാക്സ് ഇൻവോയ്സുകൾ പ്രകാരം ലഭിച്ചതായാണ് ഫയലിൽ കാണുന്നത്.

| ടാക്സ് ഇൻവോയ്സ് | മരുന്ന് തുക |
|---|---|
| LF-2179/28.01.2021 | 55,845/- |
| LF-306/22.05.2021 | 41,738/- |
| ആകെ | 97,583/- |

പ്രോജക്ട് ചെലവ് തുക ഒരു ലക്ഷം രൂപയിൽ ബാക്കി 2,417/- രൂപയുടെ മരുന്നുകൾ ലഭിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ HOMCO മാനേജിങ്ങ് ഡയറക്ടർക്ക് 10/09/2021-ൽ 21/2021/ ജി.പി.ഡി.എച്ച്.-നം. കത്ത് നൽകിയതായി ഫയലിൽ കാണുന്നു. പർച്ചേസ് ഓർഡർ പ്രകാരം ബാക്കിയുള്ള മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകുന്നത് വരെ പ്രോജക്ട് ചെലവിലെ 2,417/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-35 എസ്.സി. വയോജനങ്ങൾക്ക് കട്ടിൽ -കട്ടിൽ നാളിതുവരെ ലഭിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം | 238/21 |
| പ്രോജക്ടിന്റെ പേര് | എസ്.സി വയോജനങ്ങൾക്ക് കട്ടിൽ വിതരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 79200(വികസനഫണ്ട്-എസ്.സി.പി) |

| | |
|---|---|
| ചെലവ് | 78750 (ബിൽനം. 12/25.03.2021) |

പ്രോജക്റ്റ് പ്രകാരം എം.എച്ച് ഏജൻസീസ് ,പാലാ എന്ന സ്ഥാപനത്തിൽ നിന്നും കട്ടിലുകൾ വാങ്ങുന്നതിനായി 78,750/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ കട്ടിലുകൾ ലഭിച്ചതായോ വിതരണം ചെയ്തതായോ കാണുന്നില്ല. ആയതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 78,750/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കട്ടിലുകൾ ലഭ്യമാക്കി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-36 ഹരിത സമൃദ്ധി വനിത സംഘങ്ങളിലൂടെ -റിവോൾവിംഗ് ഫണ്ടിന്റെ വിവരങ്ങൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്

| പ്രോജക്റ്റ് നം | 138/21 | 354/21 |
|---|---|---|
| പ്രോജക്റ്റിന്റെ പേര് | ഹരിത സമൃദ്ധി വനിത സംഘങ്ങളിലൂടെ | ഹരിത സമൃദ്ധി വനിത സംഘങ്ങളിലൂടെ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ | കൃഷി ഓഫീസർ |
| അടങ്കൽ | 950000 (വികസന ഫണ്ട്- ജനറൽ) | 306120 (വികസന ഫണ്ട്- ജനറൽ) |
| ചെലവ് | 202440 | 260520 |

പ്രോജക്ടുകൾ പ്രകാരം കുടുംബശ്രീ ഗ്രൂപ്പുകൾക്ക് കൃഷി ചെയ്യുന്നതിന് റിവോൾവിംഗ് ഫണ്ടായി തുക നല്കിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.) നം.22/18/തസ്വഭവ 14.2.18 പ്രകാരം റിവോൾവിംഗ് ഫണ്ട് സബ്സിഡിയോ ധനസഹായമോ അല്ല എന്നും തിരികെ അടയ്ക്കേണ്ടതും ഗ്രൂപ്പിനുള്ളിൽ റിവോൾവ് ചെയ്യേണ്ടതാണ് എന്നും വ്യക്തമാക്കുന്നുണ്ട്. ടി തുകകൾ ഒരു ഗ്രൂപ്പിൽ നിന്നും മറ്റ് ഗ്രൂപ്പുകളിലേക്ക് റിവോൾവ് ചെയ്തിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. റിവോൾവിംഗ് ഫണ്ടായി കുടുംബശ്രീകൾക്ക് നല്കിയ തുക നിശ്ചിത കാലാവധിക്കു ശേഷം തിരികെ ഈടാക്കി മറ്റുള്ള ഗ്രൂപ്പുകൾക്ക് നല്കേണ്ടതാണ്. ആയതു സംബന്ധിച്ച കൃത്യമായ കണക്കുകൾ കൃഷി ഓഫീസർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-37 മരാമത്ത് പ്രവൃത്തികൾ - നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതത്തിന്റെ 1% കളക്ഷൻ ചാർജായി ഈടാക്കേണ്ടതാണ്

The Building And Other Construction Workers Welfare Cess Act,1996 Section 3-3 പ്രകാരം വർക്ക് ബില്ലിൽ നിന്നും വസൂലാക്കുന്ന കളക്ഷൻ ചാർജ്ജിനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. എന്നാൽ അസി.എൻജിനീയർ നിർവ്വഹണം നടത്തിയ പ്രവൃത്തികളിൽ നിന്നും കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ല . എല്ലാ മരാമത്ത് പ്രവൃത്തികളിൽ നിന്നും ക്ഷേമനിധി വിഹിതത്തിന്റെ 1% കളക്ഷൻ ചാർജായി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-38 അയർക്കുന്നം മാർക്കറ്റിൽ കംഫർട്ട് സ്റ്റേഷൻ നിർമ്മാണം - നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചില്ല

| പ്രോജക്റ്റ് നം | 323/21 |
|---|---|
| | |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അയർക്കുന്നം മാർക്കറ്റിൽ കംഫർട്ട് സ്റ്റേഷൻ നിർമ്മാണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എൻജിനീയർ |
| അടങ്കൽ | 100000(തനത് ഫണ്ട് )<br>200000 (ജില്ലാ പഞ്ചായത്ത് വിഹിതം ) |
| ചെലവ് | 155049 |
| ചെക്ക് നം | 1172684/29.9.20 |
| കരാറുകാരൻ | കെ.ആർ.പ്രദീപ് കുമാർ |
| കരാർ നം. | 82/AE/LSGD/ARKM/19-20/26.12.18 |

അയർക്കുന്നം മാർക്കറ്റിൽ സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേകം ശുചിമുറികൾ നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ 2018-19 വർഷം തയ്യാറാക്കിയതാണ് പ്രസ്തുത പ്രോജക്ട് .2018 ൽ കരാറിൽ ഏർപ്പെട്ട് നിർമ്മാണം ആരംഭിച്ച പ്രവൃത്തിയിൽ കെട്ടിടത്തിന്റെ സ്ട്രക്ച്ചർ മാത്രമേ നാളിതുവരെ പൂർത്തീകരിച്ചിട്ടുള്ളു. 2018-19 വർഷം മുതൽ സ്പിൽ ഓവറായി പ്രോജക്ട് തുടർന്നു വരുന്നു. നിർമ്മാണം പൂർത്തീകരിച്ച് ലക്ഷ്യം കൈവരിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-39 ക്ലീൻ കോട്ടയം ഗ്രീൻ കോട്ടയം പദ്ധതി- ലഭ്യമായ യൂണിറ്റുകൾ വിതരണം നടത്താനായിട്ടില്ല

ക്ലീൻ കോട്ടയം ഗ്രീൻ കോട്ടയം (ഉറവിട മാലിന്യ സംസ്കരണ പദ്ധതി-പ്രൊജക്ട് നം.127/21) എന്ന പേരിൽ വിഇഒ നിർവഹണം നടത്തിയ പ്രൊജക്ടിൽ 1702 പേർക്ക് കിച്ചൺ ബിന്നും 510 പേർക്ക് കമ്പോസ്റ്റർ ബിന്നും നൽകുന്നതിനാണ് വിഭാവനം ചെയ്തത്. അക്രഡിറ്റഡ് ഏജൻസിയായ ഐആർടിസിയുമായി കിച്ചൺ ബിൻ യൂണിറ്റിന് 410 രൂപയും കമ്പോസ്റ്റർ ബിന്നിന് 1800 രൂപയും നിരക്കിൽ കരാരിലേർപ്പെട്ടു. ഇതിൽ 10% തുക ഗുണഭോക്തൃ വിഹിതമായി പിരിക്കുന്നതിനും 90% തുക സബ്സിഡിയായി നൽകുന്നതിനും തീരുമാനിച്ചു. 2020-21 വർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 110500 രൂപയും ശുചിത്വ മിഷൻ ഫണ്ടിൽ നിന്നും 110500 രൂപയും 100 യൂണിറ്റ് കിച്ചൺ ബിന്നും 100 കമ്പോസ്റ്റർ ബിന്നും സപ്ലേ ചെയ്യുന്നതിനായി നൽകി(ബിൽ നം. 27/21 തീ.12.1.21, 538/21 തീ. 31.321). എന്നാൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ എത്ര പേർ നിലവിൽ പദ്ധതിയിൽ പങ്കാളികളാകുമെന്ന് ഉറപ്പാക്കാതെയും ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം പിരിക്കാതെയുമാണ് സപ്ലൈ ഓർഡർ നൽകിയത്. ബിന്നുകൾ ലഭിച്ചതിന് ശേഷം 2020-21, 2021-22 വർഷങ്ങളിലായി ഗുണഭോക്തൃ വിഹിതം പിരിച്ചതിനു ശേഷം 59 കിച്ചൺബിന്നുകളും 71 കമ്പോസ്റ്റർ ബിന്നുകളും വിതരണം നടത്തിയിട്ടുണ്ട്. അവശേഷിക്കുന്നവ പഞ്ചായത്തിന്റെ ജിആർസി സെന്ററിൽ സൂക്ഷിച്ചിട്ടുള്ളതായാണ് കാണുന്നത്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് അവശേഷിക്കുന്ന ബിന്നുകൾ വിതരണം ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കി. ഗുണഭോക്തൃ വിഹിതം ഒടുക്കി പദ്ധതിയുടെ ഭാഗമാകാൻ ആഗ്രഹിക്കുന്നവരുടെ കൃത്യമായ എണ്ണം കണ്ടെത്തി ആയതിനു മാത്രം സപ്ലൈ ഓർഡർ നൽകാത്തത് പദ്ധതി നടത്തിപ്പിലെ അപാകതയായി ഓഡിറ്റ് നിരീക്ഷിക്കുന്നു. ഇതേ പദ്ധതി സ്പിൽ ഓവറായി തുടരുമ്പോഴും നിലവിൽ ലഭ്യമായ കിച്ചൺ ബിന്നും കമ്പോസ്റ്റർ ബിന്നും വിതരണം നടത്താനായിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതിനും നിലവിൽ അവശേഷിക്കുന്ന യൂണിറ്റുകൾ വിതരണം നടത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. മുഴുവൻ യൂണിറ്റുകളും വിതരണം ചെയ്യുന്നതുവരെ ഗുണഭോക്താക്കളിലാതെ വിതരണത്തിന് വാങ്ങി സൂക്ഷിച്ച യൂണിറ്റുകളുടെ ആകെ വിലയായ 69010/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-40 മരുന്ന്/ഉപകരണങ്ങൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ സിഎച്ച്സി നിർവഹണം നടത്തിയ പാലിയേറ്റീവ് പരിചരണം പദ്ധതിയ്ക്ക (പ്രൊജക്ട് നം.25/21) വേണ്ടി മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും വാങ്ങുന്നതിനായി 250000 രൂപ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് ബിൽ നം.3/2021/23.6.2020 പ്രകാരം അടവാക്കിയിരുന്നു. എന്നാൽ നാളിതു വരെ ഉപകരണങ്ങളും മരുന്നുകളും ലഭ്യമായിട്ടില്ല. മരുന്നുകളും ഉപകരണങ്ങളും എത്രയും വേഗം ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ആയതിനായി ചെലവഴിച്ച 250000 രൂപ മരുന്ന് ലഭ്യമാകുന്നത് വരെ തടസ്സപ്പെടുത്തുന്നു.

## 1-41 ഹരിത കർമ്മസേനയുടെ രൂപീകരണവും അജൈവ മാലിന്യ ശേഖരണവും- തുടർ പ്രവർത്തനം നടക്കുന്നില്ല

| പ്രോജക്ട് നം -പേര് | 8/20ഹരിത കർമ്മസേന- വയബിലിറ്റി ഗ്യാപ്പ് ഫണ്ട് | 211/21ഹരിത സഹായ സ്ഥാപനത്തിന് വിഹിതം | 369/21ഹരിത കർമ്മസേന- വയബിലിറ്റി ഗ്യാപ്പ് ഫണ്ട് |
|---|---|---|---|
| നിർവ്വഹണം | സെക്രട്ടറി | സെക്രട്ടറി | സെക്രട്ടറി |
| അടങ്കൽ | 150000/- (വികസനഫണ്ട് ജനറൽ) | 324000/- (ധനകാര്യ കമ്മിഷൻ ഗ്രാന്റ്) | 232000/- (തനതുഫണ്ട്) |
| ചെലവ് | 149800/- | 216000/- | 72000/- |

വയബിലിറ്റി ഗ്യാപ്പ് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് പഞ്ചായത്തിലെ 20വാർഡുകളിലും ഹരിത കർമ്മസേന രൂപീകരിക്കുകയും (അഞ്ച് യൂണിറ്റുകൾ) പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങൾ വീടുകളിൽ നിന്ന് ശേഖരിച്ച് ബ്ലോക്ക് പഞ്ചായത്തിൽ സ്ഥാപിച്ച മെറ്റീരിയൽ കളക്ഷൻ സെന്ററിൽ (MCF) എത്തിക്കുകയും പ്രസ്തുത ആവശ്യത്തിലേക്കായുള്ള വാഹന വാടക, ഓണറേറിയം, യൂണിഫോം, പരിശീലനം തുടങ്ങിയവ നടത്തുകയും ചെയ്യുന്നതാണ്.

കുടുംബശ്രീയിൽ നിന്നും തിരഞ്ഞെടുത്ത അംഗങ്ങളെ ഉൾപ്പെടുത്തി ഹരിത കർമ്മസേന രൂപീകരിച്ച് യൂണിഫോം വിതരണം ചെയ്തിട്ടുണ്ട്. ഹരിത കർമ്മസേന അജൈവമാലിന്യങ്ങൾ ശേഖരിച്ച് തരംതിരിച്ച് ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ നിർമ്മിച്ചിട്ടുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റേഷൻ സെന്ററിൽ സൂക്ഷിച്ചിട്ടുണ്ട്. ഹരിത കർമ്മസേന അംഗങ്ങൾക്ക് പരിശീലനം നൽകിയിട്ടുണ്ടെങ്കിലും എല്ലാ വാർഡുകളിൽ നിന്നും യൂസർ ഫീ കളക്റ്റ് ചെയ്യുന്നില്ല. എന്നാൽ ബ്ളോക്ക് പഞ്ചായത്ത് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റേഷൻ സെന്ററിൽ മാലിന്യങ്ങൾ കുന്നുകൂടിക്കിടക്കുന്നതല്ലാതെ തുടർ നടപടികളും സ്വീകരിച്ചിട്ടില്ല എന്നാണ് ഫയൽ പരിശോധനയിൽ വ്യക്തമായത്.

സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഉത്തരവ് നം.10394-ഡി-2017/കെ.എസ്.എച്ച്.ഒ തീയതി 23.4.2018 പ്രകാരം തരംതിരിച്ച് സൂക്ഷിച്ചിരിക്കുന്ന അജൈവമാലിന്യങ്ങൾ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റേഷൻ സെന്ററിൽ നിന്ന് മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ സെന്ററിലേക്ക് എത്തിക്കുന്നതിന് ക്ലീൻ കേരള കമ്പനിയുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. മേൽ ഉത്തരവിന്റെ ഖണ്ഡിക 6.1 പ്രകാരം ഹരിതകർമ്മസേനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഫലപ്രാപ്തിയിലെത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് സേനയുടെ പ്രവർത്തന മേഖലയിൽ വരുന്ന തടസ്സങ്ങൾ പരിഹരിക്കുക, സേനയുടെ പ്രവർത്തനം സുഗമമാക്കുന്നതിന് വേണ്ട നിയമപരമായ ഇടപെടലുകൾ നടത്തുക എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലകളാണ്. കൂടാതെ സ.ഉ (സാധാ) നം.2420/2017/തസ്വഭവ തീയതി 15.7.17 ഖണ്ഡിക 3(17) പ്രകാരം ഹരിതകർമ്മസേന വഴി ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ

പുന:ചംക്രമണം ചെയ്യുന്നതിനുവേണ്ടി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ സാധ്യമായിടങ്ങളിൽ ക്ലീൻ കേരള കമ്പനിയുമായി (ആവശ്യമെങ്കിൽ അനുയോജ്യമായ മറ്റ് സ്ഥാപനങ്ങളുമായും) കരാറിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികളൊന്നും ഗ്രാമപഞ്ചായത്ത് കൈക്കൊണ്ടിട്ടില്ല. മാലിന്യസംസ്കരണത്തിന് പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെങ്കിലും തുടർ നടപടികൾ ആവിഷ്കരിക്കുകയോ പുരോഗതി വിലയിരുത്തുകയോ ചെയ്തിട്ടില്ല. അജൈവമാലിന്യങ്ങൾ വാങ്ങുന്നതിന് തയ്യാറുള്ള വിവിധ സ്ഥാപനങ്ങൾ കണ്ടെത്തി അവർക്കാവശ്യമായ രീതിയിൽ തരംതിരിച്ച് സൂക്ഷിക്കുന്നതിനും അത് പരമാവധി വരുമാനം ലഭിക്കാവുന്ന രീതിയിൽ വിപണനം ചെയ്യുന്നതിനും ഹരിത കർമ്മസേനയെ പരിശീലിപ്പിക്കേണ്ടതാണ്.

മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റേഷൻ സെന്ററിൽ ശേഖരിച്ചിരിക്കുന്ന അജൈവമാലിന്യങ്ങൾ പുന:ചംക്രമണം ചെയ്യുന്നതിനുവേണ്ട നടപടികൾ ബ്ലോക്ക് പഞ്ചായത്തുമായി ചേർന്ന് സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും വർക്കിംഗ് ഗ്രൂപ്പിന്റെയും സത്വരശ്രദ്ധ ടി വിഷയത്തിലേയ്ക്ക് ക്ഷണിയ്ക്കുന്നു.

## 1-42 അയർക്കുന്നം മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് ഒന്നാം നില വൈദ്യുതികരണം -പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നം പേര് | 236/21 അയർക്കുന്നം മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് ഒന്നാം നില വൈദ്യുതികരണം |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | 428000/-(തനതുഫണ്ട്) |
| ചെലവ് | 379119/- ചെക്ക് നം--------432186/22/01/2021, 443217/28.03.2 |

അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിന്റെ ഒന്നാം നിലയിലെ എട്ട് കടമുറികൾ വയറിംഗ് നടത്തി , വൈദ്യുതീകരണം ഉൾപ്പെടെ പൂർത്തീകരിയ്ക്കുന്നതിനാണ് മേൽ സൂചിത പ്രോജക്ട് ആവിഷ്കരിച്ചത്. എന്നാൽ വയറിംഗ് നടത്തിയിട്ടും മീറ്ററുകൾ ഘടിപ്പിക്കുന്നതിനോ, വൈദ്യുതീകരണം നടത്തുന്നതിനോ തുടർനടപടി സ്വീകരിച്ചതായി ഫയലിൽ നിന്നും വ്യക്തമല്ല. ആയതിനാൽ പ്രോജക്ട് പ്രകാരം ഉപയോഗപ്രദമാക്കുന്നതിന് തീരുമാനിച്ചിരുന്ന ചുവടെ സൂചിപ്പിയ്ക്കുന്ന സ്ഥാപനങ്ങൾ പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞിട്ടില്ല.

1. പട്ടികജാതി വനിതകൾക്ക് പരിശീലനകേന്ദ്രം

2.കൃഷി ഓഫീസ് സബ്സെന്റർ

3.അയർക്കുന്നം കാർഷികവികസന സമിതി ഓഫീസ്

4.വനിതകൾക്ക് തയ്യൽ യൂണിറ്റ്

5.ആയുർവേദആശുപത്രിയ്ക്ക് സബ്സെന്റർ

വൈദ്യുതീകരണം നടത്തി മേൽ സൂചിത സ്ഥാപനങ്ങൾ പ്രവർത്തിപ്പിയ്ക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കേണ്ടതാണ്. പ്രോജക്ട് ലക്ഷ്യം കൈവരിയ്ക്കാത്തതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 428000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ വിവരം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-43 തെരുവുനായ വന്ധ്യംകരണം -പഞ്ചായത്തിൽ നടത്തിയ പ്രവർത്തനങ്ങൾ വ്യക്തമല്ല

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് നമ്പർ- 102/21
ചെലവ്- 210000രൂപ

തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണ പരിപാടിക്കായി ജില്ലാ, ബ്ലോക്ക്,ഗ്രാമപഞ്ചായത്തുകൾ ചേർന്നുള്ള സംയുക്ത പ്രോജക്ടിന്റെ നടത്തിപ്പിനായി 5.5.2017ലെ 1450/17/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്ററെ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 210000/- രൂപ ഗ്രാമപഞ്ചായത്ത് കുടുംബശ്രീ ജില്ലാമിഷന് കൈമാറിയിട്ടുണ്ട്. എന്നാൽ തുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് ജില്ലാ മിഷനിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും പ്രോജക്ടിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി ഫലപ്രദമായിരുന്നത് സംബന്ധിച്ച് മൃഗസംരക്ഷണവും ക്ഷീരവികസനവും, വർക്കിങ്ങ് ഗ്രൂപ്പ് മോണിട്ടർ ചെയ്തിട്ടില്ല.

## 1-44 ലൈഫ് ഭവന പദ്ധതി- വീടുകൾ നിർമാണം പൂർത്തീകരിച്ചില്ല

ലൈഫ് ഭവന പദ്ധതി പ്രകാരം തുക അനുവദിച്ച താഴെ കൊടുത്തിട്ടുള്ള ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പ്രൊജക്ട് നം/ വർഷം | അനുവദിച്ച തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | കുമാരി രാജു, വയലിൽ | പ്രൊജക്ട് നം.341/20, 2019-20 | 300000 | ലിന്റൽ ലെവൽ വരെ പൂർത്തിയാക്കി |
| 2 | ലളിതമ്മ, /മുരുപ്പേൽ | പ്രൊജക്ട് നം. 278/20, 2019-20 | 300000 | ലിന്റൽ ലെവൽ വരെ പൂർത്തിയാക്കി |
| 3 | കെ.ജി. ഓമനക്കുട്ടൻ, പുലിപ്പാറ കുന്നേൽ | പ്രൊജക്ട് നം. 125/21, 2020-21 | 40000 | ബേസ്മെന്റ് വരെ പൂർത്തീകരിച്ചു. |

ഇതിൽ ക്രമ നം. 1,3 എന്നീ ഗുണഭോക്താക്കൾ ആശുപത്രിയിലായതിനാലാണ് വീട് നിർമാണം പൂർത്തീകരിക്കാനാകാത്തതെന്നും ക്രമ നം. 2 ഗുണഭോക്താവിനെ ബന്ധപ്പെടാൻ സാധിക്കുന്നില്ലെന്നും മറുപടി ലഭിച്ചു. പൂർത്തിയാക്കാൻ അവശേഷിക്കുന്ന വീടുകൾ പൂർത്തിയാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-45 അഗതിരഹിത കേരളം - ഫണ്ടിന്റെ അപര്യാപ്തത മൂലം പദ്ധതി നിശ്ചലാവസ്ഥയിൽ

2019-ൽ ആരംഭിച്ച അഗതിരഹിത കേരളം പദ്ധതിയിൽ 140 ഗുണഭോക്താക്കളാണുള്ളത്. ടി പദ്ധതിക്കായി അയർക്കുന്നം കാനറാ ബാങ്കിൽ ആരംഭിച്ച അക്കൗണ്ടിൽ 31.8.21 ൽ 13107.5 രൂപ മാത്രമാണ് അവശേഷിക്കുന്നത്. അഗതിരഹിത കേരളം പദ്ധതി മാർഗ്ഗരേഖ പ്രകാരം ഗുണഭോക്താക്കൾക്ക് പദ്ധതിക്കാലയളവ് മുഴുവൻ സേവനം ലഭ്യമാക്കേണ്ടതും എല്ലാ മാസവും ഭക്ഷ്യധാന്യവും പോഷകാഹാര കിറ്റും ലഭ്യമാക്കേണ്ടതുമാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഫണ്ടിന്റെ അപര്യാപ്തത മൂലം പഞ്ചായത്തിൽ ഗുണഭോക്താക്കൾക്ക് മെയ് 2021 വരെ മാത്രമെ ഭക്ഷ്യ കിറ്റുകൾ നല്കിയിട്ടുള്ളൂ. ആയതിനാൽ എത്രയും വേഗം ചലഞ്ച്ഫണ്ട് ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും സമൂഹത്തിലെ അശരണരായവർക്ക് യാതൊരു മുടക്കവും കൂടാതെ സേവനം ലഭ്യമാക്കേണ്ടതുമാണ്. പഞ്ചായത്ത് ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 16/06/2021-ലെ 2/1 നം. തീരുമാന പ്രകാരം അംഗീകരിച്ച് എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായും സെക്രട്ടറിയുടെ 31/08/2021-ലെ AO-10/2021 കത്ത് പ്രകാരവും ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 20/09/2021-ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2021-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2020-21 ൽ സംയുക്ത പ്രോജക്ടിനായി പള്ളം ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം ജില്ലാ പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ചതിന് ഫണ്ടിന്റെ വിനിയോഗം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് പ്രോജക്ട് തിരിച്ച് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, പള്ളം | 2020-21 | 1,085,238/- | ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി-ഫേസ്-2,ഫേസ്-3,ഫേസ്-4(125/21) | 1,085,238/- | 0 |
| | 2020-21 | 140,000/- | ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി-ഫേസ്-23 4(126/21) | 140,000/- | 0 |
| | - | 662,800/- | ഭവന നിർമ്മാണം ലൈഫ് പദ്ധതി-ജനറൽ(362/21) | 662,800/- | Spillover |
| | 2020-21 | 462,900/- | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(58/21) | 462,900/- | 0 |
| | 2020-21 | 294,440/- | അംഗൻവാടി നിർമ്മാണം വാർഡ്-13 | 294,440/- | |

| | | | | | |
|---|---|---|---|---|---|
| | | | (341/21) | | |
| | 2020-21 | 500,000/- | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് (244/21) | 500,000/- | 0 |
| | ആകെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം | | | 3,145,378/- | 0 |
| ജില്ല പഞ്ചായത്ത് കോട്ടയം | 2020-21 | 1,000,000/- | ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി-ഫേസ്-2,ഫേസ്-3,ഫേസ്-4(125/21) | 1,000,000/- | 0 |
| | 2020-21 | 61,780/- | ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി-ഫേസ്-23 4(126/21) | 61,780/- | 0 |
| | 2020-21 | 300,000/- | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(58/21) | 300,000/- | 0 |
| | 2020-21 | 50,000/- | വരകുമല വെള്ളത്തോട് റോഡ് ടാറിങ്ങ് (301/21) | 50,000/- | 0 |
| | 2020-21 | 300,000/- | ഗുർഖണ്ഡസാരി-ഞെഴുകുമറ്റം റോഡ് കോൺക്രീറ്റിങ്ങ് (304/21) | 300,000/- | 0 |
| | 2020-21 | 300,000/- | മൺമൂട്ടിൽപ്പടി-വാഴേപ്പടി റോഡ് പൂർത്തീകരണം (311/21) | 300,000/- | 0 |
| | - | 155,049/- | അയർക്കുന്നം മാർക്കറ്റിൽ കംഫോർട്ട് സ്റ്റേഷൻ നിർമ്മാണം (323/21) | 155,049/- | 0 |
| | 2020-21 | 161,058/- | ഒറ്റപ്ലാക്കൽ കോളനി എസ്. സി. സംരക്ഷണ ഭിത്തിനിർമ്മാണം (346/21) | 161,058/- | 0 |
| | 2020-21 | 90,907/- | തേക്കനാംകുന്ന് കുടിവെള്ള പദ്ധതി പൂർത്തീകരണം (348/21) | 90,907/- | 0 |
| | 2020-21 | 74,660/- | മൈലാടുംകുന്ന് കുടിവെള്ള പദ്ധതി പൂർത്തീകരണം (349/21) | 74,660/- | 0 |
| | 2020-21 | 500,000/- | എട്ടുപറപ്പാലം പുനർനിർമ്മാണം (353/21) | 500,000/- | 0 |
| | ആകെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം | | | 2,993,454/- | 0 |

ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ 362/21 പ്രോജക്ട് ചെലവ് 662,800/- ഒഴികെ 2,482,578/- രൂപ ധനകാര്യ പത്രിക പ്രകാരം തൻവർഷം ലഭിച്ച തുകയിൽ നിന്നാണ് ചെലവഴിച്ചിരിക്കുന്നത്. ജില്ല പഞ്ചായത്ത് വിഹിതത്തിൽ 323/21 പ്രോജക്ട് ചെലവ് 155,045/- ഒഴികെ 2,838,405/- രൂപ ധനകാര്യ പത്രിക പ്രകാരം തൻവർഷം ലഭിച്ച തുകയിൽ നിന്നാണ് ചെലവഴിച്ചിരിക്കുന്നത്. സംയുക്ത പ്രോജക്ടുകൾക്ക് ലഭിക്കുന്ന ഫണ്ടിന്റെ വിനിമയം നിരീക്ഷിക്കുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ(എ.സി.ആർ.) കൃത്യമായി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. കൃത്യമായ അനുബന്ധരേഖകളുടെ അഭാവത്തിൽ സംയുക്ത പ്രോജക്ട് ഫണ്ടിന്റെ വിനിയോഗത്തിന്റെ കൃത്യത വ്യക്തമല്ല. ഓരോ ഗ്രാന്റ്/ വിഹിതം ശീർഷകത്തിലും അക്കൗണ്ട് ചെയ്യുന്ന ഫണ്ടിന് എ.സി.ആർ. കൃത്യമായി സൂക്ഷിക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തെയും കണക്കുകളുടെ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2020-21 വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് കെ.എസ്.ഇ.ബി.-യിലും വാട്ടർ അതോറിറ്റിയിലും ഡെപോസിറ്റ് ചെയ്തിട്ടുണ്ട്. സുലേഖ

ചെലവ് പത്രിക പ്രകാരം മുൻകൂർ നൽകിയിട്ടുള്ള തുകകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്(പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ടാപ്പുഴ കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ(82/21) | 360,000/- | 0 | 360,000/- |
| കേരള വാട്ടർ അതോറിറ്റി | പതിനാറാം വാർഡ് കുടിവെള്ള പദ്ധതി (212/21) | 350,000/- | 0 | 350,000/- |
| കെ.എസ്.ഇ.ബി. | വാർഡ്-5 പാറേവളവ്-വള്ളിക്കാവ് റോഡ് സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ-പോസ്റ്റ് ഷിഫ്റ്റിങ്ങ്(213/21) | 55,000/- | 0 | 55,000/- |
| കെ.എസ്.ഇ.ബി. | കണ്ണംകുന്ന് താന്നിക്കപ്പടി റോഡ് സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ (313/21) | 197,754/- | 0 | 197,754/- |

കെ.എസ്.ഇ.ബി.-യിൽ നിക്ഷേപിച്ച 252,754/- രൂപ സുസ്ഥിര ആസ്തിയായി 410600102 ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തത്. അഡ്വാൻസ് ആയി 460500202 ശീർഷകത്തിൽ അക്കൗണ്ട് ചെയ്ത് വിനിയോഗ സാക്ഷ്യപത്രം കിട്ടിയ ശേഷം മാത്രമാണ് സുസ്ഥിര ആസ്തിയായി ക്രമീകരിക്കേണ്ടത്. വാട്ടർ അതോറിറ്റിയിൽ 82/21 പ്രോജക്ട് പ്രകാരം നിക്ഷേപിച്ച 3.6 ലക്ഷം രൂപ 410400103 ശീർഷകത്തിൽ സുസ്ഥിര ആസ്തിയായി അക്കൗണ്ട് ചെയ്തിരിക്കുന്നു. ടി തുക 460500201 ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു. അക്കൗണ്ടിങ്ങ് അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2020-21 ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

പഞ്ചായത്തിന്റെ സമ്പൂർണ്ണ ഭവന പദ്ധതി വായ്പയുടെ തിരിച്ചടയ്ക്കാനവശേഷിക്കുന്ന തുകയിൽ വാർഷിക കണക്കുകളിൽ നിന്നും അധികമായി 46.85 ലക്ഷം രൂപ ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം ബാധ്യതയുണ്ട്. വായ്പ കണക്കുകൾ ഓരോ സാമ്പത്തിക വർഷവും അക്കൗണ്ടന്റ് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ട വായ്പ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. 2020-21 വർഷം വായ്പ മുതൽ തുക ബാധ്യത-തിരിച്ചടവിന്റെ വിശദാംശം വാർഷിക കണക്കും ബാങ്ക് സ്റ്റേറ്റ്മെന്റും തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

| ഇനം | വാർഷിക കണക്ക് | ബാങ്ക് സ്റ്റേറ്റ്മെന്റ് | വ്യത്യാസം |
|---|---|---|---|
| 01/04/2020 മുന്നിരിപ്പ് | 6,420,000/- | 11,105,000/- | 4,685,000/- |
| 2020-21 തിരിച്ചടവ് | 1,000,000/- | 1,000,000/- | - |

| | | | |
|---|---|---|---|
| 31/03/2021 നീക്കിയിരിപ്പ് | 5,420,000/- | 10,105,000/- | 4,685,000/- |

പലിശയിനത്തിൽ 2020-21 വർഷം 1,231,011/- രൂപയും അടവാക്കിയിട്ടുണ്ട്. കൃത്യമായ രജിസ്റ്ററും കണക്കുകളും സൂക്ഷിക്കാതെയാണ് സമ്പൂർണ്ണ ഭവന പദ്ധതി വായ്പ തിരിച്ചടവും പലിശ തിരിച്ചടവും നടത്തി വരുന്നത്. സമ്പൂർണ്ണ ഭവന പദ്ധതി വായ്പ നടപടികളിലും വാർഷിക കണക്കിലും മേൽപറഞ്ഞ അപാകതകൾ നിലനിൽക്കുന്നു. ഓഡിറ്റിനായി സമർപ്പിച്ച വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് (B-5) പ്രകാരം 5420000 രൂപയാണ് ബാധ്യതയായി സൂചിപ്പിച്ചിരിക്കുന്നത്.

2020-21 ധനകാര്യ പത്രിക പ്രകാരമുള്ളമ മുന്നിരിപ്പും നീക്കിയിരിപ്പും കൃത്യമല്ല. തൻവർഷം 50.6 ലക്ഷം വായ്പ എടുത്തു. സെക്രട്ടറിയുടെ 417/21,418/21,442/21,443/21 പ്രോജക്ടുകൾ പ്രകാരം വികസനഫണ്ട് ക്രമീകരിച്ചാണ് 966,824/- രൂപ വായ്പ തിരിച്ചടവ് നടത്തിയത്. വായ്പ രജിസ്റ്റർസെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. വായ്പ രജിസ്റ്ററിന്റെയും കൃത്യമായ അനുബന്ധ രേഖകളുടെയും അഭാവത്തിൽ ഹഡ്കോ വായ്പ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. വായ്പ രജിസ്റ്റർ തയ്യാറാക്കി ഓരോ സാമ്പത്തിക വർഷത്തെയും സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

നിക്ഷേപ സർട്ടിഫിക്കറ്റ്, സ്ഥിരനിക്ഷേപ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൻ പ്രകാരമുള്ള 2020-21 വർഷത്തെ സ്ഥിരനിക്ഷേപ കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക(Principal Amount) | 3,000,000/- |
| ആകെ | 3,000,000/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| 31/03/2021-ൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3,000,000/- |

22000058/22.04.2020 നം. വൌച്ചർ പ്രകാരമാണ് 30 ലക്ഷം രൂപ സ്ഥിരനിക്ഷേപം നടത്തിയത്. സ്ഥിരനിക്ഷേപത്തിന്റെ ബാങ്ക്, FD അക്കൗണ്ട് നമ്പർ, പലിശ നിരക്ക്, കാലാവധി എന്നിവ താഴെ കൊടുക്കുന്നു. കാലാവധി തീരുന്ന സമയത്ത് പലിശ സ്വയം മുതലിൽ ചേർക്കുന്നതിന് Auto Renewal സംവിധാനം ഉപയോഗപ്പെടുത്തിയാണ് സ്ഥിരനിക്ഷേപം നടത്തിയിരിക്കുന്നത്.

| | |
|---|---|
| നിക്ഷേപിച്ച ബാങ്ക് | South Indian Bank |
| ബാങ്ക് ശാഖ(കോഡ്) | അയർക്കുന്നം(0006) |
| എഫ്. ഡി. അക്കൌണ്ട് നം. | 0006101000013249 |
| നിക്ഷേപ തീയതി | 23/04/2020 |
| നിക്ഷേപ കാലയളവ് | 12 മാസം |
| വാർഷിക പലിശ നിരക്ക് | 6.3 % |
| കാലാവധി(Maturity Date) | 23/04/2021 |

## 4-7 ഓഡിറ്റ് റിക്കവറി

2020-21 വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല. പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം. ,തീയതി

ഇടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തെയും കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-2 | 2010-11 | 2-14 | ഡെപ്പോസിറ്റ് പ്രവൃത്തി (കേരള വാട്ടർ അതോറിറ്റി) | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | : | 134,443,327/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 105,150,970/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2817411/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 700,000/- | എസ്. എസ്. ശോഭന, ഹെഡ്മിസ്ട്രസ്, ഗവ.യു.പി.എസ്. |
| 1-26 | 679,624/- | കെ.ജി. ഹരികൃഷ്ണൻ, സെക്രട്ടറി |
| 1-28 | 2,400/- | അസിസ്റ്റന്റ് സെക്രട്ടറി |
| 1-32 | 607,210/- | ഹരീഷ്കുമാർ എൻ., സെക്രട്ടറി |
| 1-34 | 2,417/- | ഡോ. അന്ന ജോസഫ് കെ.,മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| 1-35 | 78,750/- | രതീഷ്കുമാർ എസ്., അസിസ്റ്റന്റ് സെക്രട്ടറി |
| | | |

| | | |
|---|---|---|
| 1-39 | 69,010/- | സജീവ് കെ. എസ്. വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| 1-40 | 250,000/- | ഡോ. രേഖ ആർ., മെഡിക്കൽ ഓഫീസർ(സി.എച്ച്.സി.) |
| 1-42 | 428,000/- | ഹരീഷ്കുമാർ എൻ., സെക്രട്ടറി |
| ആകെ | 2817411/- | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഖണ്ഡിക 1-13,1-15,1-19,1-20,1-27,1-30

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

ഇല്ല

## <u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 30/09/2021 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1977-78 | എൽ.എഫ്.കെ.പി.4-537/79/ 27.11.1979 | - |
| 1996-97 (ചെലവ്) | എൽ.എഫ്.കെ.പി6-206/98/ 09.09.2000/ 10.11.2000 | - |
| 1998-99(വരവ്) | എൽ.എഫ്.കെ.പി.6-271/00/ 06.10.2000/ 29.12.2001 | - |
| 1999-00(ചെലവ്) | കെ.എസ്.എ.-കെ.ടി.എം.പി12(അദാ-2018)51(3)/15.02.2018 | 19 |
| 2000-01 & 2001-02 (പ്ലാൻ) | എൽ.എഫ്.കെ.പി6-1387/07/17.11.2008 | - |
| 2000-01 | കെ.എസ്.എ.-കെ.ടി.എം.പി.12(അദാ-2018)51(4)/15.02.2018 | 01 |
| 2002-03(ചെലവ്) | എൽ.എഫ്.കെ.പി6-1007/04/19.04.2008 | - |
| 2002-03(വരവ്) | എൽ.എഫ്.കെ.പി6-845/07/20.04.09/ 12.06.2009 | - |
| 2004-05 | എൽ.എഫ്.കെ.പി6-682/08 18.04.09/02.07.2009 | - |
| 2005-06 | എൽ.എഫ്.കെ.പി6-683/08/5.09.08/ 13.10.2008 | - |
| 2006-07 | എൽ.എഫ്.കെ.പി11-994/2011/ 10.10.2011 | - |

| | | |
|---|---|---|
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി12(അദാ-2018)-51(6)/09.01.2018 | 5 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി12(അദാ-2018)-51(7)/16.02.2018 | 01 |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി12(അദാ-2018)-51(8)/16.02.2018 | 02 |
| 2010-11 & 2011-12 | കെ.എസ്.എ-കെ.ടി.എം.പി12(അദാ-2018)-51(9)/31.01.2018 | 10 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി11-1655/2015/ 30.03.2016 | 22 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി11-340/2016/ 31.03.2016 | 27 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി3-175/2018/ 09.04.2018 ശുദ്ധിപത്രം | - |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി12-737/2016/ 20.10.2017 | 20 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി12-1727/2017/ 29.12.2017 | 21 |
| 2017-18 | കെ.എസ്.എ.-കെ.ടി.എം.പി12-872/2019/ 17.10.2019 | 39 |
| 2018-19 | കെ.എസ്.എ.-കെ.ടി.എം.പി12-1889/2019/ 29.06.2020 | 41 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്